1 DEC 2016

PUBLISHED FROM KOLLAM
VOLUME NO.1, ISSUE NO.4
PAGES 12
facebook.com/faithtracknews


RNI - KERMAL15982

നേരിന്റെ നേർക്കാഴ്ചയിലേക്ക് ഒരു സമകാലിക വീക്ഷണം

FAITHTRACK

# ഫെയ്ത്ത് ട്രാക്ക്

5



ക്രിസ്തു കുരിശിൽ
സഭ സിംഹാസനത്തിൽ:
കാനം അച്ചൻ

8



ആന്റി ക്രൈസ്റ്റ്:
നോവൽ ആരംഭിക്കുന്നു:
തോമസ് തോന്നയ്ക്കൽ

# ഐ.പി.സി. അന്തർദേശീയ കൺവൻഷൻ ജനുവരി 15 മുതൽ



ഡോ. മാത്യു. കെ തോമസ്



പാസ്റ്റർ പ്രതാപ് സിങ്



പാസ്റ്റർ ജേക്കബ് ജോൺ



പാസ്റ്റർ വിൽസൺ ജോസഫ്



ഡോ. കെ. സി. ജോൺ



പാസ്റ്റർ തോമസ് ഫിലിപ്പ്



സജി പോൾ

**ജോജി ഐപ്പ് മാത്യൂസ്**

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ 93-ാം അന്തർദേശീയ കൺവൻഷനായ കുമ്പനാട് കൺവൻഷൻ 2017 ജനുവരി 15 മുതൽ 22 വരെ സഭാ ആസ്ഥാനമായ ഹെബ്രോൻ പുരത്ത് നടക്കും. ജനപങ്കാളിത്തം കൊണ്ടും പഴക്കം കൊണ്ടും കേരളത്തിലെ രണ്ടാമത്തെ വലിയ ക്രൈസ്തവ കൺവൻഷനാണിത്. 'തിരുവെഴുത്തുകളുടെ ശക്തി' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ഡോ. മാത്യു. കെ. തോമസും, പാസ്റ്റർ പ്രതാപ് സിങ്ങും പ്രധാ പ്രസംഗകരാണ്.

ജനുവരി 15-ന് വൈകിട്ട് 5.30 ന് സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം നിർവ്വഹിക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി.ജോൺ മുഖ്യപ്രഭാഷണം നടത്തും. ലോകമെങ്ങുമായി വ്യാപിച്ചു കിടക്കുന്ന ഐ.പി.സി.പ്രസ്ഥാനത്തിലെ നൂറുകണക്കിന് പ്രഗത്ഭ പ്രസംകരും ശുശ്രൂഷകരും ഈ ദിവസങ്ങളിൽ ദൈവവചന ശുശ്രൂഷ നിർവ്വഹിക്കും.

കൺവൻഷന് മുന്നോടിയായി കഴിഞ്ഞ മൂന്നു വർഷങ്ങളായി നടന്നു വരുന്നതുപോലെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ഉപവാസയോഗങ്ങൾ ജനുവരി 8 മുതൽ 14 വരെ കൺവൻഷൻ പന്തലിൽ നടക്കും. പുതുതായി നിർമ്മിക്കുന്ന വിപുലമായ സ്റ്റേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഡിസംബർ അവസാനത്തോടെ സ്റ്റേജ് നിർമ്മാണം പൂർത്തിയാകും. സ്റ്റേജിന് താഴെയായി പ്രാർത്ഥനാമുറികളും ക്രമീകരിക്കും.

1925-ൽ റാന്നിയിൽ ചെറിയനിലയിൽ ആരംഭിച്ച കൺവൻഷൻ പിൽക്കാലത്ത് കുമ്പനാട്ടേക്ക് മാറ്റുകയായിരുന്നു. ലോകമെങ്ങുമുള്ള പെന്തെക്കോസ്ത് വിശ്വാസികൾ സഭാ വിഭാഗ വ്യത്യാസമില്ലാതെ പങ്കെടുക്കുന്ന ആത്മീയ സംഗമവേദിയായി ഇത് മാറിക്കഴിഞ്ഞു.

കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് വിവിധ കമ്മറ്റികൾ രൂപീകരിക്കപ്പെട്ടു. പാസ്റ്റർ ജേക്കബ് ജോൺ (ജനറൽ പ്രസിഡന്റ്), പാസ്റ്റർ വിൽസൺ ജോസഫ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഡോ.കെ.സി.ജോൺ (ജനറൽ സെക്രട്ടറി), പാസ്റ്റർ തോമസ് ഫിലിപ്പ് (ജോയിന്റ് സെക്രട്ടറി), സജി പോൾ (ട്രഷറർ) എന്നിവരെ കൂടാതെ വിവിധ കമ്മറ്റികൾക്ക് നേതൃത്വം വഹിക്കുന്നു.

## ഉപവാസവും ഉണർവ്വ് യോഗവും ജനുവരി 8 മുതൽ 14 വരെ കുമ്പനാട് ഹെബ്രോൻ പുരത്ത്



പാസ്റ്റർ ജേക്കബ് ജോർജ്ജ് (യു.കെ.)

കുമ്പനാട്: ജനുവരി 15 ഞായർ മുതൽ 22 ഞായർ വരെ ഹെബ്രോൻ പുരം കൺവൻഷൻ മൈതാനത്ത് വച്ച് നടക്കുന്ന 93-ാം മത് ജനറൽ കൺവൻഷന്റെ അനുഗ്രഹത്തിനായി ജനുവരി 8-ാം തീയതി മുതൽ 14 -ാം തീയതി വരെ ഉപവാസവും ഉണർവ്വ് യോഗവും നടക്കുന്നു. സഭയുടെ ആത്മീയ ഉന്നമനം ലക്ഷ്യമാക്കി ഡിസംബർ 1 മുതൽ 31 വരെ പ്രാർത്ഥനാ ദിനമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ തീയതികളിൽ എല്ലാ ലോക്കൽ സഭകളിലും പ്രത്യേക സമയം ക്രമീകരിച്ച് കൂടിവരവുകൾ നടത്തണമെന്നുള്ള അറിയിപ്പ് ഇതിനോടകം അയച്ചിട്ടുമുണ്ട്. ഹെബ്രോൻ പുരത്ത് നടക്കുന്ന ആത്മീയ സംഗമത്തിൽ താമസിച്ച് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർക്ക് വേണ്ടി എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത് കൊടുക്കുന്നതായിരിക്കുമെന്ന് ജനറൽ പ്രയർ & റിവൈവൽ ബോർഡ് കൺവീനർ പാസ്റ്റർ ജേക്കബ് ജോർജ്ജ് പറഞ്ഞു.

## 3000 വർഷം പഴക്കമുള്ള നിർമ്മിതി കണ്ടെത്തി

പഴയനിയമ ചരിത്രത്തെ ബലപ്പെടുത്തുന്ന തരത്തിലുള്ള ശലോമോൻ രാജാവിന്റെ കാലത്തെ നിർമ്മിതിയ്ക്ക് സമാനമായ പ്രാചീന കൊട്ടാര സദൃശ്യമായ കെട്ടിടം ഖനനം ചെയ്യലിലൂടെ കണ്ടെത്തി. ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ടെൽ-ഗെസറിലെ പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നത് ഇത് 10-ാം നൂറ്റാണ്ടിലേതാണ്. ബൈബിളിൽ പറയുന്ന അക്കാലത്തെ ചരിത്രത്തിന് ബലം നൽകുന്ന തെളിവുകളാണ് അവിടെ നിന്നും ലഭിച്ചിട്ടുള്ളവ. പഴയ നിയമത്തിലെ ദാവീദ് രാജാവിന്റെ കാലത്ത് പരാമർശിക്കപ്പെട്ടിരിക്കുന്ന ഫെലിസ്ത്യരുമായി ഈ നഗരം ബന്ധപ്പെട്ടിരിക്കുന്നു. (2ശമുവേൽ 5:25; 1 ദിന. 14:16) യഹോവ കല്പിച്ചതുപോലെ ദാവീദ് ചെയ്തു; ഫെലിസ്ത്യരെ ഗെബ മുതൽ ഗേസർ വരെ തോല്പിച്ചു.

ഫെലിസ്ത്യരുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ കൂടുതൽ തെളിവുകൾ പുരാവസ്തു ഗവേഷകർ വെളിപ്പെടുത്തി. അക്കാലത്തെ മൺപാത്രാവശിഷ്ടങ്ങളും അസ്ദോതിന്റെ ഒരു ചെറുപ്രതിമയും കണ്ടെടുത്തു. ഈ തെളിവുകൾ ഫെലിസ്ത്യരുമായി ബന്ധപ്പെട്ട അസ്ദോത്, തിമ്ന, എക്രോൻ, അസ്കലോൻ തുടങ്ങിയവരുടെ ഖനന ഗവേഷണങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഹസ്സറും, മെഗിദ്ദോയും ഉൾപ്പെടുന്ന ഭാഗത്തുനിന്നുമാണ് വലിയ നടുമുറ്റം അടങ്ങുന്ന കൊട്ടാര സദൃശ്യമായ കെട്ടിടടംകാണപ്പെട്ടത്. സൗത്ത് വെസ്റ്റേൺ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരി നിരന്തരമായി നടത്തിയ പഠനങ്ങൾക്കൊടുവിലാണ് ഇത്തരം തെളിവുകൾ ലഭിച്ചത്. സൗത്ത് വെസ്റ്റേൺ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരിയും യിസ്രായേൽ ആന്റിക്യൂറ്റിസ് അതോറിറ്റിയും ചേർന്നു നടത്തിയ ഈ ഗവേഷണത്തിൽ സ്റ്റീവ് ഓർട്ടിസും സാം വോൾഫും നേതൃത്വം നൽകി. പുത്തൻ തെളിവുകളുടെ അടിസ്ഥാനത്തിൽ മുൻപുള്ള പഠനങ്ങളെ പുന:പരിശോധിക്കുക എന്നതായിരുന്നു ഈ പഠനത്തിന്റെ ലക്ഷ്യം. പ്രാചീന ഗെസറിലെ ഉരുക്കുകാലഘട്ടത്തെകേന്ദ്രീകരിച്ചായിരുന്നു പഠനം.

## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 17 ചൊവ്വ മുതൽ 22 ഞായർ വരെ പുനലൂർ എ.ജി ഗ്രൗണ്ടിൽ. 17 ന് വൈകിട്ട് ആറ് മണിക്ക് സൂപ്രണ്ട് പാസ്റ്റർ ടി. ജെ. സാമുവേൽ ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ചൊവ്വ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 9 വരെയുള്ള പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി ഡിസ്ട്രിക്ട് ട്രഷറാർ പാസ്റ്റർ എ. രാജൻ ജനറൽ കോ- ഓർഡിനേറ്ററായുള്ള വിപുലമായ കമ്മറ്റി രൂപികരിച്ച് പ്രവൃത്തനം ആരംഭിച്ചു.

ജനുവരി 17ന് ചൊവ്വ മുതൽ 21 ശനി വരെ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണിവരെ പൊതുയോഗങ്ങൾ നടക്കും. 17 ചൊവ്വ രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ കോൺഫൻസും ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ശുശ്രൂഷക സമ്മേളനവും നടക്കും. വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെ ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. ശനി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ സൺഡേ സ്കൂൾ വാർഷികവും 2 മുതൽ 4.30 വരെ സി.എ സമ്മേനവും നടക്കും. ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന പൊതു സഭായോഗത്തോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിക്കും.

## ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ജനറൽ കൺവൻഷൻ

മുളക്കുഴ: ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരള സ്റ്റേറ്റ് ജനറൽ കൺവൻഷൻ 2017 ജനുവരി 23 മുതൽ 29 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും. അസിസ്റ്റന്റ് ഓവർസിയർ പാ.പി.ജെ മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ഓവർസിയർ പാ.സി.സി തോമസ് ഉദ്ഘാടനം ചെയ്യും. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുനിന്നുമായി നിരവധി കർതൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കാത്തിരുപ്പ് യോഗം, ബൈബിൾക്ലാസ്, യുവജനസമ്മേളനം, സോദരീസമാജം, സണ്ടേസ്കൂൾ പ്രോഗ്രാം, മിഷണറി സമ്മേളനം എന്നിവ നടക്കും. രാത്രി യോഗങ്ങളിൽ ലോകപ്രശസ്തരായ ദൈവദാസന്മാർ പ്രസംഗിക്കും. കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ളക്കുഴ സീയോൻ കുന്നിൽ നടന്ന ആലോചന യോഗത്തിൽ കൺവൻഷന്റെ വിജയത്തിന് വേണ്ടി വിവിധ കമ്മറ്റികളെയും കൺവീനേഴ്സിനേയും തിരഞ്ഞെടുത്തു.

## കരിയംപ്ലാവ് കൺവൻഷൻ

കരിയംപ്ലാവ്: കരിയംപ്ലാവ് കൺവൻഷൻ ജനുവരി 9 മുതൽ 15 വരെ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ നടക്കും. പാ. ഒ. എം. രാജുകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. 1948 ൽ ചെറിയ തോതിൽ ആരംഭിച്ച കരിയംപ്ലാവ് കൺവൻഷൻ ഇന്ന് ഇന്ത്യയിലെ തന്നെ പ്രഥമ കൺവൻഷനുകളിൽ ഒന്നായി മാറി. കൺവൻഷന്റെ വിജയത്തിനായി വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തുവരുന്നത്.

എഡിറ്റോറിയൽ ബോർഡ്

*ചീഫ് എഡിറ്റർ*
**ബോബൻ ക്ലീറ്റസ്**
*ജനറൽ എഡിറ്റർ*
**തോമസ് തോന്നയ്ക്കൽ**
*എഡിറ്റർ*
**സന്തോഷ് ജോസഫ്**

*സബ് എഡിറ്റേഴ്സ്*
**ജോജി ഐപ്പ് മാത്യൂ**
**അജു അലക്സ്**
*ഡെപ്യൂട്ടി എഡിറ്റേഴ്സ്*
**ജോൺസൺ കുമ്പനാട്**
**ജോൺസൺ കണ്ണൂർ**
*ഓവർസീസ് എഡിറ്റർ*
**വെസ്ലി ആലുംമൂട്ടിൽ** (യു.എസ്.എ)
*ന്യൂസ് എഡിറ്റർ*
**സുജിത്ത് തങ്കച്ചൻ** (ബാംഗ്ലൂർ)
*മാനേജിങ്ങ് എഡിറ്റേഴ്സ്*

**ജോൺ ഹാബേൽ**
**ഷാജി സി ജോൺ**
*ജനറൽ മാനേജർ*
**റോബിൻ കെ ജോയി** (വാളകം)
*സർക്കുലേഷൻ മാനേജർ*
**ജോയി ജോൺ, കോന്നി**
*ഓഫീസ് മാനേജർ*
**മഞ്ജു ബോബൻ**
*ഉപദേശക സമിതി*
**രാജു ആനിക്കാട്, പി. വി. കുട്ടപ്പൻ**
**ജി. കുഞ്ഞച്ചൻ** (വാളകം)



**സുവി. ബോബൻ ക്ലീറ്റസ്**



**ഒരു ആത്മപരിശോധനയ്ക്ക് ഇതിലിൽ കാരണം ഉണ്ട്. ഞാൻ ജീവനോടിരിക്കുന്നതിനാൽ ദൈവത്തിന് എന്ത് ലാഭം; അഥവാ എന്താണ് നേട്ടം. സങ്കീർത്തനക്കാരൻ പറയുന്നു. ഞാൻ ജീവനോടിരുന്നാൽ ഇന്ന് എന്നപ്പോലെ എന്നും നിന്റെ സത്യത്തെ പ്രസ്ഥാവിക്കും.**

# നിനക്ക് എന്ത് ലാഭമുള്ളൂ?

## സങ്കീ. 30:9

ലാഭം എന്നത് വ്യാപാരസംബന്ധമായ പദപ്രയോഗമാണ്. മുടക്കുന്ന മുതലിൽ നിന്ന് ലഭിക്കുന്ന ആദായമാണ് ലാഭം. ഒരു മനുഷ്യൻ പരദേശത്ത് പോയപ്പോൾ തന്റെ ദാസൻമാരെ വിളിച്ചു; ഒരുവന് അഞ്ച്,ഒരുവന് രണ്ട്, മൂന്നാമത്തവന് ഒരു താലന്ത് എന്നിവ നൽകി. (മത്തായി 25:14:30) ഈ ഭാഗത്ത് നാം കാണുന്നത് അഞ്ച് ലഭിച്ചവൻ വ്യാപാരം (ബിസിനസ്) ചെയ്തു. അഞ്ച് കൂടി നേടി രണ്ട് ലഭിച്ചവൻ രണ്ട് കൂടി നേടി ഒന്ന് ലഭിച്ചവൻ കുഴിയിൽ മറച്ചു വച്ചു. അഞ്ച്ലഭിച്ചവന്റെ കൈയ്യിലെ അവൻ നേടിയ അഞ്ച് ആണ് അവന്റെ വ്യാപാരത്തിലെ ലാഭം.രണ്ട് ലഭിച്ചവന് അവൻ നേടിയ രണ്ട് ആണ് അവന്റെ വ്യാപാരത്തിലെ ലാഭം. ഒന്ന് ലഭിച്ചവൻ കുഴിയിൽ മൂടിവച്ചു. കുഴിയിൽ ഇറക്കി വച്ചാൽ ലാഭം ഉണ്ടാകില്ല ദ്രവത്വമേ ഉണ്ടാകൂ. (സങ്കീ. 16:10). ആ യജമാനൻ പറയുന്നു ഉള്ളവന് ഏവനും ലഭിക്കും അവന് സമൃദ്ധിയുമുണ്ടാകും ഇല്ലാത്തവനോട് ഉള്ളതും കൂടെ എടുത്ത് കളയും. ഈ വാക്യം സോഷ്യലിസത്തിന് എതിരല്ല. ഇവിടെ ഈ മൂവരിൽ ഒന്നും ഇല്ലാത്തവനായി ആരും തന്നെ ഇല്ലായിരുന്നു. തന്റെ ദാസൻമാരുടെ പ്രാപ്തി അറിയാവുന്ന യജമാനൻ മൂന്ന് പേർക്കും അവനവന്റെ പ്രാപ്തിയ്ക്ക് ഒത്തവണ്ണം കൊടുത്തു. ഒന്നും ഇല്ലാത്തവനായി ഒരുവൻ തീർന്നതും, അവന് സമൃദ്ധിയുണ്ടാകാഞ്ഞതും (മത്താ. 25:29). ലഭിച്ചത് വ്യാപാരം ചെയ്യാത്തതു കൊണ്ടാണ്; ലാഭം ഉണ്ടാക്കുവാൻ ശ്രമിക്കണം അല്ലാത്തവന് സമൃദ്ധിയുണ്ടാവില്ല എന്നത് അർത്ഥവത്തായ സന്ദേശമാണ്. അൽപ്പമേ ലഭിച്ചോളൂ എന്ന് പരാതി പറയരുത് അതിൽ വിശ്വസ്തനായാൽ ദൈവം അധികത്തിന് വിചാരകനാക്കും.ഇല്ലാത്തവനായി എല്ലാക്കാലവും ആരും തുടരണം എന്ന് ദൈവം ഇഷ്ടപ്പെടുന്നില്ല.

ഈ സങ്കീർത്തനക്കാരൻ ദൈവത്തോട് ചോദിക്കുന്നത് മൂന്ന് ചോദ്യങ്ങൾ ആണ്.

**1. ഞാൻ കുഴിയിൽ ഇറങ്ങിപ്പോയാൽ എന്റെ രക്തം കൊണ്ട് എന്ത് ലാഭമുള്ളൂ?**

**2. ധൂളി നിന്നെ സ്തുതിക്കുമോ?**

**3. അത് (ധൂളി) നിന്റെ സത്യത്തെ പ്രസ്താവിക്കുമോ?**

ഈ ചോദ്യങ്ങളിൽ സങ്കീർത്തനക്കാരന്റെ ഒരുമനസുണ്ട് കർത്താവെ ഞാൻ കുഴിയിൽ ഇറങ്ങിപ്പോയി ദ്രവത്വം പ്രാപിച്ച് പൊടിയായി (ധൂളി) തീർന്നാൽ അത് (ധൂളി)നിന്റെ സത്യം പ്രസ്താവിക്കുമോ? താൻ പറയാൻ ആഗ്രഹിക്കുന്നത് ഞാൻ ജീവനോടിരുന്നാൽ നിനക്ക് ലാഭമുണ്ട് ഞാൻ നിന്റെ സത്യത്തെ പ്രസ്താവിക്കും. എന്നാൽ നിദ്ര കൊണ്ടാൽ അഥവാ കുഴിയിൽ ഇറങ്ങിപ്പോയാൽ നിനക്ക് ലാഭമില്ല ഞാൻ ധൂളിയാകും ആ ധൂളി നിന്നെ സ്തുതിക്കയില്ല. തന്റെ ജീവൻ കൊണ്ടും ജീവിതം കൊണ്ടും ദൈവത്തിന് ലാഭം (നേട്ടം) ഉണ്ടാകും എന്ന ബോധ്യപ്പെടുത്തുകയാണ്. ഹിസ്ക്കീയാവിന്റെ മരണദൂത് കേട്ടപ്പോൾ താൻ കുഴിയിൽ ഇറങ്ങിപ്പോകുന്നവനായി തീരും എന്ന് മനസിലാക്കി അവൻ ദൈവത്തെ ബോധ്യപ്പെടുത്തി. 'യഹോവെ ഞാൻവിശ്വസ്ഥതയോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്നു നിനക്ക് പ്രസാദമുള്ളത് ചെയ്തിരിക്കുന്നു എന്ന് ഓർക്കേണമേ.' പ്രാർത്ഥനയ്ക്ക് ശേഷം അടുത്ത ദൂത് വിടുതലിന്റെ ദൂത് ആയിരുന്നു. (യെശ. 38). ഹിസ്ക്കീയാവ് പറയുന്ന വാചകം ശ്രദ്ധേയമാണ് എന്റെ പ്രാണനെ നാശകുഴിയിൽ നിന്നും സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു. പാതാളം നിന്നെ സ്തുതിക്കുന്നില്ല, മരണം നിന്നെ വാഴ്ത്തുന്നില്ല; കുഴിയിൽ ഇറങ്ങുന്നവൻ നിന്റെ വിശ്വസ്ഥതയെ പ്രത്യാശിക്കുന്നതുമില്ല. (യെശ.38:17,18). മരണകുഴിയിൽ നിന്ന് രക്ഷപെട്ട ഹിസ്ക്കീയാവ് ആലയത്തിൽ ആരാധനക്കായി അഥവാ സത്യത്തെ പ്രസ്താവിക്കുവാനായി കടന്ന് പോകുന്നതായി കാണാം. ഞാൻ ജീവനോടിരിക്കുന്നത് ദൈവത്തിന് ലാഭമാണോ എന്ന് തീർച്ചപ്പെടുത്തുക. പൗലോസ് പറയുന്നു. ഞാൻ മരിക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം ലാഭമാണ് കാരണം ഈ ദു:ഖവും കഷ്ടവും ദുരിതവും നിറഞ്ഞ ലോകത്തിൽ നിന്ന് പ്രത്യാശനാട് പ്രാപിക്കുവാൻ മരണം എനിക്ക് ഗുണകരമാണ് ലാഭമാണ്; എന്നാൽ ഞാൻ ജീവനോടിരിക്കുന്നത് ക്രിസ്തുവിന് ലാഭമാണ് എന്നതിനാൽ ഞാൻ അത് ആഗ്രഹിക്കുന്നു (ഫിലി. 1:21).

ഒരു ആത്മ പരിശോധനയ്ക്ക് ഇതിലിൽ കാരണം ഉണ്ട്. ഞാൻ ജീവനോടിരിക്കുന്നതിനാൽ ദൈവത്തിന് എന്ത് ലാഭം; അഥവാ എന്താണ് നേട്ടം. സങ്കീർത്തനക്കാരൻ പറയുന്നു. ഞാൻ ജീവനോടിരുന്നാൽ ഇന്ന് എന്നപ്പോലെ എന്നും നിന്റെ സത്യത്തെ പ്രസ്ഥാവിക്കും. സത്യം പ്രസ്ഥാവിക്കണമെന്ന് ദൈവ പദ്ധതിയുള്ള പത്രോസിനെ കാരാഗ്രഹത്തിന് ഒതുക്കിവക്കാൻ കഴിയില്ല. സത്യപ്രസ്ഥാവിക്കാൻ തിരഞ്ഞെടുത്ത പൗലോസിനെ ആഴിയുടെ ആഴങ്ങൾക്കും അണലിയുടെ വിഷത്തിനും ഒടുക്കികളയാൻ കഴിയില്ല.

ദൈവത്തോട് ചോദ്യം ചോദിക്കാമോ? ചോദിക്കാം പക്ഷെ ചോദ്യം ചെയ്യരുത്. എന്നെ ഇങ്ങനെ മെനഞ്ഞത് എന്തിന് എന്ന് ചോദ്യം ചെയ്യരുത് (റോമ. 9:20). നീ എന്നെ കൈവിട്ടത് എന്ത് എന്ന് ചോദിക്കാം (സങ്കീ. 22:1). ഏദെൻ തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട മനുഷ്യൻ കുറ്റബോധം ഉള്ളതുകൊണ്ട് എന്തിനാ ഞങ്ങളെ പുറത്താക്കുന്നത് എന്ന് ചോദിച്ചില്ല. ചോദിച്ചിരുന്നെങ്കിൽ ഒരു പക്ഷെ ദൈവം പറയുമായിരുന്നു. ഈ പുറത്താക്കൽ ശിക്ഷണം മാത്രമല്ല ഇതിൽ എന്റെ സ്നേഹത്തിന്റെ മൂർദ്ധ്യന്യതയുണ്ട്. നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷ ഫലം തിന്ന് നീ പരാജിതനായ പാപിയായി അടുത്ത കൈ നീട്ടി ജീവവൃക്ഷ ഫലം തിന്ന് നിത്യ പാപിയാകാതിരിക്കാൻ വേണ്ടിയാണ് നിന്നെ പുറതത്താക്കുന്നത്. കുറ്റബോധം കൊണ്ട് ഒന്നാം മനുഷ്യനായ ആദാം ചോദിച്ചില്ല എന്നാൽ പിഴവും പോറലും ഏൽക്കാത്ത ഒടുക്കത്തെ ആദാം ചോദിച്ചു നീ എന്നെ കൈ വിട്ടതെന്ത്? ഈ സങ്കീർത്തന സന്ദേശം അനുസരിച്ച് അനവധി ചോദ്യങ്ങൾ നമുക്ക് ചോദിക്കാനുണ്ട് ദൈവമേ ഞാൻ എന്നും ഈ ഞെരുക്കത്തിൽ ഇരുന്നാൽ നിനക്ക് എന്ത് ലാഭമുള്ളൂ? എന്നാൽ ഇതിൽ നിന്ന് ഒരു മാറ്റം സംഭവിച്ചാൽ ഞാൻ മുഖാന്തിരം നിന്റെ നാമം മഹത്വപ്പെടും. എന്റെ തലമുറയ്ക്ക് വിദ്യാഭ്യാസം, ഭാവി, വഴി തുടങ്ങിയവ ലഭിക്കാതിരുന്നാൽ നിനക്ക് എന്ത് ലാഭമുള്ളൂ? എന്നാൽ അവർ ഉയർച്ച പ്രാപിച്ചാൽ നിന്റെ നാമം മഹത്വപ്പെടും അങ്ങനെ തുടങ്ങുന്ന അനവധി ചോദ്യങ്ങൾ ദൈവത്തോട് ചോദിക്കാൻ കഴിയും.മറുപടി നൽകി നീക്കുപോക്കു വരുത്തുവാൻ ദൈവം ശക്തനാണ്.

ഐ.പി.സി.
കേരളാ സ്റ്റേറ്റ് സോദരീസമാജം
സംസ്ഥാന ക്യാമ്പ്

അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ
2016 ഡിസംബർ 4 ഞായർ 3.00 pm മുതൽ 6 ചൊവ്വ 2 pm വരെ
ചിന്താവിഷയം:- എഴുന്നേറ്റ് പ്രകാശിക്കുക
മുഖ്യ പ്രഭാഷക സിസ്റ്റർ ആനി സ്റ്റീഫൻ (ഡാളസ് യു.എസ്.എ)

പ്രസംഗകർ
പാസ്റ്റർ കെ.സി.തോമസ്
പാസ്റ്റർ ഫിലിപ് പി.തോമസ്
പാസ്റ്റർ സി.സി.എബ്രഹാം
പാസ്റ്റർ തോമസ് ഫിലിപ്പ്
പാസ്റ്റർ വർഗീസ് ബേബി

ഏവർക്കും സ്വാഗതം

ക്യാമ്പിന്റെ പ്രത്യേകതകൾ
- കാത്തിരിപ്പുയോഗം
- ചർച്ച
- ആരാധന
- കൗൺസിലിംങ്
- താലന്ത് നൈറ്റ്
- മിഷൻ ചലഞ്ച്

കൂടുതൽ വിവരങ്ങൾക്ക്
സിസ്റ്റർ : ഏലിയാമ്മ തോമസ് (പ്രസിഡന്റ്) 9747033699
സിസ്റ്റർ : ലില്ലി റെജി (സെക്രട്ടറി) 9048194860
സിസ്റ്റർ : ജോയമ്മ വർഗ്ഗീസ് (വൈസ് പ്രസിഡന്റ്) 9447193663
സിസ്റ്റർ : മേഴ്സി ഡാനിയേൽ (വൈസ് പ്രസിഡന്റ്) 9495414520
സിസ്റ്റർ : ഒമേഗാ സുനിൽ (ജോയിന്റ് സെക്രട്ടറി) 9605173762
സിസ്റ്റർ : സൂസൻ ചെറിയാൻ (ജോയിന്റ് സെക്രട്ടറി) 9447367021
സിസ്റ്റർ : എൽസി സാമൂവേൽ (ട്രഷറർ) 9961483807
സിസ്റ്റർ : ജോയമ്മ ബേബി (പബ്ലിസിറ്റി കൺവീനർ) 9747283842

ക്യാമ്പ് ഫീസ് : Rs. 200



## സഭയിൽ പ്രശ്നമുണ്ടാക്കുന്ന അവിവാഹിതരായ 3 സ്തീകൾ

മാരാമൺ കൺവൻഷനിലെ സേവികാ സംഘ യോഗത്തിൽ മാർക്രിസോസ്റ്റം വലിയമെത്രപ്പൊലീത്ത തന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. സഭയിൽ പ്രശ്നമുണ്ടാക്കുന്നത് അവിവാഹിതരായ 3 യുവതികളാണ്. അവരുടെ പേര് ഞാനിവിടെ പറയാൻ പോവുകയാണ്. അവിവാഹിതകളിൽ പലരും ഞെട്ടി. അദ്ദേഹം ഇങ്ങനെ പറഞ്ഞു.

1. Misunderstanding
2. Misrepresentation
3. Misinterpretation

ആശങ്കകൾക്ക് വിരാമമിട്ടുകൊണ്ട് തിരുമേനിയുടെ വെളിപ്പെടുത്തൽ ഏവരേയും ചിന്തകളിലാഴ്ത്തി.




# ക്രിസ്തു കുരിശിൽ സഭ സിംഹാസനത്തിൽ

ശരീരത്തിൽ മർമ്മങ്ങൾ ഉള്ളതുപോലെ ആത്മീയത്തിലും മർമ്മങ്ങൾ ഉണ്ട്. മർമ്മങ്ങൾക്ക് ക്ഷതം പറ്റിയാൽ നാശം ആസന്നമാണ്. ദൈവിക മർമ്മങ്ങളെക്കുറിച്ച് ബൈബിളിൽ വളരെയുണ്ട്. പ്രസ്തുത വിഷയത്തിൽ അഗാധ ദർശനം പ്രാപിച്ച ഒരു വ്യക്തിയാണ് വിശുദ്ധ പൗലോസ്, എന്റെ ഭാഷയിൽ പറഞ്ഞാൽ ആത്മീയത്തിന്റെ ഉമിയും തവിടും ചുമന്നുകൊണ്ട് ബഹുജനം നടക്കുമ്പോൾ അതിന്റെ അന്തസത്ത അറിഞ്ഞ് അനുഭവിച്ചവനാണ് താൻ. കൂടാതെ വേറെയും ചിലരുണ്ട്. ഇസ്രയേൽ ജനം കടൽക്കരയിലെ മണൽ പോലെ ആധികമാണെങ്കിലും ദൈവത്തിന്റെ അരിപ്പയിൽ വേർതിരക്കപ്പെട്ട് അക്കരയെത്തുന്നവർ ചുരുക്കം. വീണ്ടും പറയട്ടെ. സഭയെന്ന് നാം വിശേഷിപ്പിക്കുന്ന ബഹുജനം എല്ലാം സഭയല്ല. അതിൽ ഭൂരിപക്ഷവും സമുദായമാണ്.

അടുത്തസമയം സുന്ദർ സിഗിന്റെ ഒരു നല്ലചരിത്രം എനിക്ക് കിട്ടി. തന്റെ ജീവിതത്തിൽ ഗാന്ധിയോടും ടാഗോറിനോടും താൻ സംഭാഷിച്ച അനുഭവങ്ങൾ വായിച്ചു. ഗാന്ധി സത്യത്തിന്റെ പാതയിൽ എങ്ങും എത്തിയിട്ടില്ലെന്ന് തന്റെ ആത്മകഥയില് എഴുതിയിട്ടുണ്ട്. വിശ്വകവിയായ ടാഗോർ ക്രിസ്തുവാന്റെ സ്നേഹത്തെ നന്നായി അറിഞ്ഞു ആസ്വദിച്ചവനെങ്കിലും പൊതുജന ഭയം നിമിത്തം ഉള്ള ചുറ്റുപാടിൽ ഒതുങ്ങി നിന്ന് ഭാവഗീതങ്ങൾ പാടി അവസാനിക്കുകയാണ് ചെയ്തത്. എന്നാൽ സുന്ദർ സിംങ് ലഭിച്ച ദർശന വെളിച്ചത്തിൽ ദൈവത്തേക്കാൾ അധികം ആരേയും ഭയപ്പെടാതെയും അതോടൊപ്പം ദൈവത്തേക്കാൾ അധികമായി ആരേയും സ്നേഹിക്കാതെയും മുമ്പോട്ടു പോയതിനാൽ അല്പജീവിതം കൊണ്ട് ലക്ഷ്യം നേടി ഭാഗ്യവാനായി കടന്നുപോയി. ആരസുവിശേഷം പറയുന്ന ആയിരം മിഷണറിമാരേക്കാൾ ആ വിശുദ്ധൻ ദൈവത്തിന്റെയും മനുഷ്യരുടേയും മുന്നിൽ പ്രകാശിച്ച് നില്ക്കുന്നു. ആഡംബരവസ്ത്രം ധരിച്ച് പൊൻ കുരിശുകളുടെ നടുവിൽ പരിചയിച്ച പാട്ടുകൾ പാടി വിശേഷാൽ യാതൊരു അനുഭവം ഇല്ലാതെ ഇന്നത്തെ ക്രൈസ്തവ സമൂഹം വെറും സമുദായമായി നിലകൊള്ളുമ്പോൾ ഭാരതം ആനാചാരങ്ങളുടെ കേളിരംഗമായി മേല്ക്കുമേൽ അധഃപതിക്കുന്നു.

എന്റെ ചിന്തചുരുക്കട്ടെ ക്രിസ്തുവിന്റെ മാർഗ്ഗം ഭൗതീക ത്യാഗത്തിന്റെയും ആത്മീയ അനുഭവത്തിന്റെയും ഒരു സമാഹാരം എന്നു പറയാം. എത്രയും ഹീനമായ ഗോശാലയാണ് അതിന്റെ തുടക്കം. ആരും





◇◇◇◇◇◇◇◇◇◇◇◇◇◇◇

**വെറുതേ ഒരു ഭ്രാന്താലയം മാത്രം. ഉള്ളിൽ കേൾക്കുന്നത് കുർബാന, കുമ്പസാരം, ഉപവാസപ്രാർത്ഥന, കൺവൻഷൻ പ്രസംഗം, കൗണ്ടർ പെറ്റിഷൻ, അന്യഭാഷ, വോട്ടെണ്ണൽ, പോലീസ് ഇടപെടൽ, കോടതി, അങ്ങനെ ചേരാത്തതെല്ലാം ചേർത്തുകൊണ്ടുള്ള ഒരു സമ്മിശ്ര പരിപാടി.**

◇◇◇◇◇◇◇◇◇◇◇◇◇◇◇

ഒന്നും ഇല്ലാത്തവനെപോലെ പരദേശിയായി പാർത്തവനാണ് അതിന്റെ സ്ഥാപകൻ. അനുഭവിക്കാവുന്നതിലധികം ത്യാഗങ്ങളും വേദനകളും താൻ സഹിച്ചു. ഗത്സമന തോട്ടം മുതൽ കാൽവറി മരണം വരെ ഏറ്റെടുത്ത വ്യഥകൾ ആയിരം നാവുകൾക്ക് വർണ്ണിക്കാവുന്നതിൽ അധികമാണ്. ആ കഥന കഥകളുടെ ഒരു മൂർത്ത രൂപമാണ് ക്രൂശ് എന്നു പറയാം.

ക്രിസ്തുവിന്റെ സ്വഭാവവും തന്റെ ദൗത്യവും പുലർത്തുകയാണ് തന്റെ ജനത്തിന്റെ അഥവാ സഭയുടെ ദൗത്യം തന്നെ. എന്നാൽ സാത്താൻ കൗശലങ്ങളുടെ രാജാവാണല്ലോ. അവൻ ചക്രവർത്തിയെ സഭയുടെ സംരക്ഷകനാക്കി. പ്രാർത്ഥന കൂട്ടങ്ങൾ ആലോചന സഭകളാകുന്ന സുന്നഹദോസുകൾക്ക് വഴിമാറി. ദുഃഖവെള്ളിയാഴ്ച്ചയുടെ കഷ്ടപ്പാടുകൾ യേശുവിന് വിട്ടുകൊടുത്തിട്ട് മുൾമുടിയെ പൊൻ മുടിയും രക്തമണിഞ്ഞ വസ്ത്രത്തെ തങ്കഅങ്കിയും ഒക്കെ ആക്കി മാറ്റി. സി.വി. താരപ്പൻ എന്ന ഭക്ത ഗായകൻ ഗാനത്തിലൂടെ ഇങ്ങനെ ചോദിച്ചു. ""മുൾമുടി ചൂടി നടന്നവൻ എന്നുടെ പ്രിയതമൻ എന്ന് ഓർക്കുമ്പോൾ പൊൻമുടി ചൂടി നടക്കുന്നവരെ തിരുമേനികളെന്ന് എണ്ണാമോ""

കേൾവിക്കാർ മറുപടി പറയട്ടെ.

നാലാം നൂറ്റാണ്ട് മുതൽ സാത്താൻ സഭയെ മറിച്ചിട്ടു.



പി. ഐ. എബ്രഹാം
(കാനം അച്ചൻ)

◇◇◇◇◇◇◇◇◇◇◇◇◇◇◇

സത്യസഭ ന്യൂനപക്ഷവും സമുദായമാകുന്ന സഭ ഔദ്യോഗികവും ഭൂരിപക്ഷവുമായി മാറി. സാത്താൻ മതത്തെ സഭയ്ക്കുള്ളിലേക്ക് വലിച്ച് കയറ്റി. അമ്പലത്തിലെ ഉത്സവം കഴിഞ്ഞാൽ പെരുന്നാളിന്റെ റാസയ്ക്ക് അംമ്പടിയാണ്. ചെണ്ടാക്കാരും വാദ്യക്കാരും രണ്ട് മതങ്ങളിലും ഒരുപോലെ വിശ്വസിക്കുന്നു. ഞാൻ എന്തിന് അധികം വർണ്ണിക്കണം. അമ്പലത്തിന്റെ കൊടിമരം വാർത്തിരിക്കുന്ന അതേ ഭംഗിയിലും ശൈലിയിലുമാണ് പള്ളിയുടെ കൊടിമരവും. ഒരു വ്യത്യസം ഉണ്ടായിരുന്നു അതും കഴിഞ്ഞയിടെ ഇല്ലാതെയായി. സഭയ്ക്ക് ക്രിസ്തു ഏകരക്ഷകനായിരുന്നു. ഇപ്പോൾ ക്രിസ്തു ഒരു ഭഗവാൻ അഥവാ ഒരു അവതാരം എന്ന ആശയം ക്രൈസ്തവ സമൂഹം സ്വീകരിച്ച് കഴിഞ്ഞു. പേരല്ലാതെ മറ്റൊന്നുമില്ലാതെ ആയി.

ചിലർ ഇങ്ങനെ പറയാറുണ്ട്. എല്ലാവരും കള്ളൻമാരാണെന്ന്. ആ വാദം എനിക്ക് സ്വീകാര്യമല്ല. ഒരിക്കൽ ഇങ്ങനെ പറഞ്ഞതായ ഒരു വ്യക്തിയോട് ഞാൻ തിരിച്ചു പറഞ്ഞു: അങ്ങനെയെങ്കിൽ താങ്കളും കള്ളനാണല്ലോ? അയാൾ പതറി. ചിലരൊക്കെ ഉണ്ടായിരിക്കാം എന്നായി തന്റെ ഭാഷ. ഞാൻ പറഞ്ഞു: അങ്ങനെയാണ് വേണ്ടത് സത്യമുള്ളതുകൊണ്ടാണ് അസത്യത്തെ നാം കണ്ടെത്തുന്നത്. പക്ഷേ ദാവീദ് പാടിയതു പോലെ വിശ്വസ്തൻമാർ എക്കാലവും ഭൂമിയിൽ ചുരുക്കമാണ്. പാറക്കല്ലുകളേക്കാൾ രത്നകല്ലുകൾ ഒരിക്കലും എണ്ണത്തിലും വലിപ്പത്തിലും മുന്നിട്ട് നില്ക്കുകയില്ലല്ലോ? വായനക്കാരുടെ ആശ്വസത്തിനു വേണ്ടി ഞാൻ പറയട്ടെ. നാം ഭൂരിപക്ഷമായി കാണുന്ന ഈ ബഹുജന സമൂഹം അഥവാ ഔദ്യോഗിക പ്രസ്ഥാനം സഭയല്ല സമുദായമാണ്. വീട്ടമ്മമാരുടെ അടുക്കളയിൽ നല്ല മേലെഴുത്തുള്ള ടിന്നുകൾ നിരത്തി വെച്ചിട്ടുണ്ട്. തുറന്ന് നോക്കിയപ്പോൾ ജീരകവും ഉലുവയും ഒക്കെയാണ്. വിഷമല്ല. പക്ഷേ വിലകുറഞ്ഞ കാര്യങ്ങളാണ്.

ലേബൽ മാറിയ ഈ സമൂഹമാണ് ക്രിസ്തുവിനെ അപമാനിക്കുന്നത്. സത്യോന്യോഷികളെ വഴി തെറ്റിക്കുന്നതും ഇവരെയൊക്കെ വിശ്വസിച്ച് പിൻപറ്റിയാൽ ബസ്പൂർക്കാനായിലും നരകത്തിലുമൊക്കെ ചെന്നെത്താമെന്നേയുള്ളൂ.

കാലം ഇത് അന്ത്യമാണ് തിന്മ വർദ്ധിക്കുന്നു. ദുഷ്ടന്മാർ പെരുകുന്നു. സാത്താൻ വിളയാടുന്നു. വെളിപാട് പുസ്തകത്തിൽ യോഹന്നാൻ വായിച്ച ഏഴ് സഭാദൂദുകൾ വായനക്കാർ അവധിയെടുത്തെങ്കിലും വായിക്കണം. എഫേസ്യ യുഗം കഴിഞ്ഞു. അന്ന് വീടുകളിൽ ആരാധന, ലളിതവേഷം, തുറന്ന സ്നേഹം, എളിമയുടെ ഭാവം ഇവയൊക്കെ ആയിരുന്നു. യുഗങ്ങൾ മാറി ലവോദിക്യ യുഗത്തിലായി. നേതാവ് സിംഹാസനത്തിലിരിക്കുകയാണ്. കണ്ണിന് കാഴ്ച്ചയില്ല. തനി ഭ്രന്താണ്. കാരണം വസ്ത്രം ഉരിഞ്ഞ് കളഞ്ഞ വിവരം ഇവൻ അറിഞ്ഞില്ല. തലയ്ക്ക് തുമ്പ് ഇല്ലെന്ന് ചുരുക്കം. എന്നിട്ടും പറച്ചിലിന് ഒരു കുറവുമില്ല. എല്ലാം ഉണ്ടെന്നാണ്. ആരോ പറഞ്ഞതുപോലെ വേണ്ടതില്ല. അത്രമാത്രം. ഈ അവസ്ഥയിൽ ക്രിസ്തു സമൂഹം അധഃപതിച്ചു. ഇവരെ രക്ഷിക്കാൻ ഇനിയും ക്രിസ്തുവിന് പോലും പദ്ധതിയില്ല. അരവണ പായസവും കുർബാന അപ്പവും ഒരു പോലെ നുണഞ്ഞ് ഇറക്കുന്ന വന്ദ്യതിരുമേനിമാരാണ് രുദ്രാക്ഷമാലയുടെ അറ്റത്ത് കുരിശു തൂക്കി അരങ്ങ് വാഴുന്നത്. എഫെസ്യ യുഗത്തിൽ സഭയാകുന്ന നിലവിളക്കുകളുടെ നടുവിൽ കേന്ദ്രബിന്ദുവായി വിളങ്ങിയ ക്രിസ്തു ഇന്ന് അടച്ചവാതിലിന് വെളിയിലാണ്. തനിക്ക് അകത്ത് കടക്കണമെന്നുണ്ട്. പക്ഷേ സഭയ്ക്ക് സുബോധമില്ലാത്തതുകൊണ്ട് തുറക്കാൻ മനസ്സുമില്ല. താക്കോൽ ദ്വാരവും വ്യക്തമല്ല. വെറുതേ ഒരു ഭ്രാന്താലയം മാത്രം. ഉള്ളിൽ കേൾക്കുന്നത് കുർബാന, കുമ്പസാരം, ഉപവാസപ്രാർത്ഥന, കൺവൻഷൻ പ്രസംഗം, കൗണ്ടർ പെറ്റിഷൻ, അന്യഭാഷ, വോട്ടെണ്ണൽ, പോലീസ് ഇടപെടൽ, കോടതി, അങ്ങനെ ചേരാത്തതെല്ലാം ചേർത്തുകൊണ്ടുള്ള ഒരു സമ്മിശ്ര പരിപാടി. പരിശുദ്ധാത്മാവ് പണ്ടേ സ്ഥലം വിട്ടു. ദുരാത്മാക്കളുടെ തനി വിളയാട്ടമാണ്. ഇനിയും ക്രിസ്തുവിന് ഒന്നേ ചെയ്യാനുള്ളൂ ഈ പാളയത്തിൽ പടയിൽ നിന്ന് തന്റെ വിശുദ്ധന്മാരെ എത്രയും വേഗം മാറ്റുക. വായനക്കാർ അതിനൊരുങ്ങിയാൽ മാത്രം മതി. ഫെയ്ത്ത്ട്രാക്ക് വിശ്വാസ പാത അതിനുള്ള വെളിച്ചം നിങ്ങൾക്ക് നല്കും. കാലിടറാതെ നടന്നുകൊള്ളുക. ഭൂരിപക്ഷത്തെ നോക്കരുത്. ഇലക്ഷൻ പിശാചിന്റെ വകയാണ്. കർത്താവിന്റേത് സെലക്ഷനാണ്. അത് പൂർത്തിയായി കഴിഞ്ഞു. ഇല്ല ഇനിയും താമസമില്ല!

## ചിരിയും ചിന്തയും



### ഞങ്ങൾ പോകും, പാസ്റ്റർ ആയിക്കോ.

ഒരാത്മീക യോഗത്തിന്റെ പ്രസംഗസമയമായതോടെ അദ്ധ്യക്ഷൻ അതിഥി പ്രസംഗകന് മൈക്ക് കൈമാറി. പ്രസംഗം ആരംഭിച്ച പ്രഭാഷകൻ അദ്ധ്യക്ഷനോട് ചോദിച്ചു. എത്ര സമയം എനിക്ക് പ്രസംഗിക്കാം അദ്ധ്യക്ഷൻ മറുപടി പറയുന്നതിന് മുൻപ് സദസ്സിൽ നിന്ന് ഒരുവൻ മറുപടി പറഞ്ഞു. പാസ്റ്റർ എത്ര സമയം വേണമെങ്കിലും പ്രസംഗിക്കാൻ എടുത്തോ!!! കേട്ടതോടെ പാസ്റ്റർക്ക് സന്തോഷമായി മറുപടി പറഞ്ഞയാൾ കൂട്ടിച്ചേർത്തു. അരമണിക്കൂർ ആകുമ്പോൾ ഞങ്ങൾ പോകും.

# ആമേൻ കർത്താവേ തരേണമേ...!





**വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് കൊടുക്കണം. ഇതാണ് പ്രമാണം. അല്ലാതെ വെളിവ് കേടുകൾ പറയുകയും മാജിക്ക് മായാജാലം കാണിക്കുകയും ചെയ്യുന്നവർക്ക് ചാനലിൽ മിന്നിമറയാൻ ലക്ഷങ്ങൾ സ്പോൺസർ ചെയ്യുന്നത് ദൈവത്തിന് കൊടുത്തതല്ല എന്നോർക്കണം.**

**ജോൺസൺ കണ്ണൂർ**
**9847518230**

യോഹന്നാൻ വെളിപ്പാടു പുസ്തകത്തിൽ അവസാനത്തെ വാക്യം എഴുതിതീർക്കുമ്പോൾ 'ആമേൻ കർത്താവായ യേശുവേ വരേണമേ' എന്നു പറഞ്ഞാണ് അവസാനിപ്പിക്കുന്നത്. എന്നാൽ ആധുനിക അപ്പോസ്തോലന്മാർ ആമേൻ കർത്താവായ യേശുവേ വേഗം തരേണമേ എന്നാണ് പറയുന്നത്. വരുന്നകാര്യം അവിടെ നിൽക്കട്ടെ. വന്നാലും വന്നില്ലേലും ഞങ്ങൾക്ക് സന്തോഷം എന്ന രീതിയിലാണ്. ഇവിടെ തന്നെ സ്വർഗ്ഗം കെട്ടിപെടുക്കുവാനുള്ള തത്രപാടിനിടയിൽ കർത്താവ് സ്വർഗ്ഗത്തിൽ കൊണ്ടു പോകുന്ന കാര്യം പലരും മറന്നു. മനസ്സ് ഈ ലോകത്തിലേക്കിറങ്ങി. മിസ്രയിം വിട്ടതിൽ ഖേദിപ്പാൻ ഒന്നുമില്ലെന്ന് ഭക്തൻ പാടിയിട്ടുണ്ട്. ഇന്ന് പലരുടേയും ഹൃദയത്തിൽ നിന്നും മിസ്രയിം പോയിട്ടില്ല. ഇവിടെ പലതും നൽകുന്ന സൂപ്പർ മാർക്കറ്റായിട്ട് യേശുവിനെ പരിചയപ്പെടുത്തുകയാണ്. ക്രൂശിക്കപ്പെട്ടവനായ യേശുവിനെ പ്രസംഗിച്ചാൽ ക്രിസ്തീയ ജീവിതം സുഖവാസ കേന്ദ്രമായി അവതരിപ്പിക്കാൻ കഴിയില്ല. ഈ ഭൂമിയാൽ സ്വർഗ്ഗം പണിയാനുള്ള ബദ്ധപ്പാടിലാണ് പലരും. നശ്വരമായ ലോകത്തെ സമ്പാദ്യങ്ങളും ഉയർച്ചകളും നേട്ടങ്ങളും ലക്ഷ്യമാക്കിയുള്ള ഒരുതരം അധഃപതിച്ച ആത്മീയതയുടെ അരങ്ങേറ്റമാണ് എവിടെയും കാണുന്നത്.

'നീ ഈ ലോകത്തിലൊ യിസ്രായേലിന് തന്റെ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നത്' എന്ന ശിഷ്യന്മാരുടെ ചോദ്യം ഇന്നും മുഴങ്ങി കേൾക്കുന്നു.

ഈ ഭൂമിയിൽ സാമ്രാജ്യം പണിയാൻ വല്ലതും തരേണമേ എന്ന നിലവിളിയാണ്. തിരുവല്ലയിൽ നടന്ന ഏതാനും നാളുകൾക്കുമുമ്പ് ഒരു കൺവൻഷനിൽ ഒരുപ്രസംഗകുമാരൻ പ്രസംഗിക്കാനായി വന്നു. പ്രവൃത്തി. 2:1 വായിച്ചു. 'പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ' അതിലെ പെട്ടെന്ന് മാത്രം വെട്ടി എടുത്ത് ഒരു തട്ടിക്കൂട്ട്. ഈ പകൽ നിന്റെ വിഷയത്തിന്മേൽ പെട്ടെന്ന് ദൈവപ്രവൃത്തി ഉണ്ടാകും. ആ കടഭാരത്തിന്റെമേൽ വിസയുടെ തടസ്സത്തിന്മേൽ വിവാഹതടസ്സത്തിന്മേൽ പെട്ടെന്ന് മറുപടി.

ഇത് കേൾക്കുമ്പോൾ കൈ അടിക്കാനും തുള്ളാനും കുറേ വിവര ദോഷികൾ, കഷ്ടം – വചനം പഠിക്കാത്ത മഹാന്മാർക്ക് എന്തും പറയാം. വചനം അറിയാത്ത സാധുക്കളുടെ ഇടയിൽ വിജയിക്കുകയും ചെയ്യും. സത്യത്തിൽ അവിടെ പറയുന്ന പെട്ടന്നും, ഇവർ വ്യാഖ്യാനിച്ച പെട്ടെന്നുമായി എന്തെങ്കിലും ബന്ധമുണ്ടോ?

ഇവിടെ അനിവാര്യമായതെല്ലാം തമ്പുരാൻ തക്കസമയത്ത് തന്നുകൊണ്ടിരിക്കും. ഞാൻ പഠിച്ച ബൈബിളിൽ–ദൈവത്തിന്റെ തക്കസമയത്ത് തരും എന്നാണ്. അല്ലാതെ പെട്ടെന്നല്ല. ഉള്ളത് തുറന്ന് പറഞ്ഞാൽ മാർക്കറ്റില്ല.

നമ്മളെ നമ്മൾ അറിയുന്നതിനേക്കാൾ നമ്മെ നന്നായി അറിയാവുന്ന ഒരു പിതാവ് സ്വർഗ്ഗത്തിൽ ഉണ്ട്. അതുകൊണ്ട് നമ്മുടെ ചിന്ത പുഴുവും തുരുമ്പും എടുക്കാത്ത സ്വർഗ്ഗത്തിലായിരിക്കണം.

കർത്താവ് വരും എന്നു പറയുവാൻ തുടങ്ങിയിട്ട് എത്ര കാലമായി. എന്നിട്ട് ഇതുവരെ വന്നില്ലല്ലോ എന്നാണ് ചിലർ പറയുന്നത്. ഇപ്രകാരം എല്ലാവരും ചിന്തിച്ച് തുടങ്ങുമ്പോൾ കർത്താവ് വരും. വരുവാനുള്ളവൻ വരും താമസിക്കയില്ല. ഇന്ന് ചിലർക്ക് എന്തെല്ലാം ലഭിച്ചാലും തൃപ്തിയില്ല. സംതൃപ്തിയുള്ള ഒരു മനസ്സാണ് ഏറ്റവും വലിയ സമ്പത്ത്.

'യഹോവ നീതിമാനെ പട്ടിണികിടത്തുകയില്ല. ദുഷ്ടന്മാരുടെ കൊതിയോ അവൻ തള്ളികളയുന്നു' സദൃ. 70:3

ഇന്ന് ആവശ്യങ്ങളേക്കാൾ മനസ്സിൽ കൊതിക്കുന്നതെല്ലാം കരസ്ഥമാക്കാനുള്ള ജിജ്ഞാസയാണ്. അതിന് ആത്മീയതയെ മറയാക്കുന്ന പ്രവണത ഏറിവരുന്നു. യേശുവിലാണെന്റെ വിശ്വാസം പൈസയിലാണെന്റെ ആശ്വാസം എന്ന് കഞ്ഞുണ്ണി മാഷ് പറഞ്ഞതുപോലെയാണ് ഇന്നത്തെ സ്ഥിതി. ആത്മീയമായത് തരണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ച് തരണമേ

വലിയ ആത്മഭാരം തരേണമേ

ദൈവവചനത്തിന്റെ ആഴങ്ങൾ തരേണമേ

യഹോവേ നിന്റെ വഴി എന്നെ അറിയിക്കണമേ

ദൈവഹിതം വെളിപ്പെടുത്തി തരേണമേ

പരിജ്ഞാനത്തിന്റേയും ജ്ഞാനത്തിന്റേയും വെളിപ്പാടിന്റേയും ആത്മാവിനെ തരേണമേ.

എല്ലാം ക്ഷമിക്കുവാനുള്ള കൃപ തരേണമേ

സഹായം ചെയ്യുവാനുള്ള വരം തരേണമേ.

ഇപ്രകാരം ചിലതൊക്കെ തരേണമേ എന്ന് പ്രാർത്ഥിക്കുവാൻ തയ്യാറുണ്ടോ?

ദൈവം തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി എല്ലാം ഭംഗിയായി ചെയ്യും. 'അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്യും.' (സഭാ.പ്രസംഗി 3:11)

ദൈവം എല്ലാം ഭംഗിയായി ചെയ്യും എന്നാൽ അതതിന്റെ സമയത്തേ ചെയ്യൂ. അല്ലാതെ ഇവിടുത്തെ ചാനൽ പ്രസംഗകർ പറയുന്നതുപോലെ പെട്ടന്നല്ല. പെട്ടെന്ന് കിട്ടുന്നതൊന്നും ദൈവത്തിൽ നിന്നല്ല. അബ്രഹാമിന് സന്തതിയെ നൽകാമെന്ന് വാഗ്ദത്തം ചെയ്തു. എന്നാൽ ഇരുപത്തഞ്ച് വർഷം കാത്തിരിക്കേണ്ടി വന്നു. ദൈവത്തിന് അങ്ങോട്ട് നൽകിയാൽ അതിന്റെ പത്തിരട്ടി ഇങ്ങോട്ട് ലഭിക്കുമെന്ന തത്ത്വം പ്രചരിപ്പിക്കപ്പെടുന്നു.

കോടികൾ ഇങ്ങോട്ട് ലഭിക്കുവാൻ വേണ്ടി ആയിരങ്ങൾ തുറുപ്പുചീട്ടാക്കുന്നവരുടെ എണ്ണം ഏറിവരുന്നു. റോമർ 11:35 നോക്കുക: അവന് വല്ലതും മുമ്പേ കൊടുത്തിട്ട് പ്രതിഫലം വാങ്ങുന്നവൻ ആർ? മഴയും മഞ്ഞും വെയിലും വായുവും എല്ലാം ദാനമായി തരുന്ന ദൈവത്തിന് ലാഭം നോക്കിയേ കൊടുക്കുകയുള്ളെങ്കിൽ എന്തൊരു ദുഷ്ടതയാണ്.

കാരണം സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ.

വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് കൊടുക്കണം. ഇതാണ് പ്രമാണം. അല്ലാതെ വെളിവ് കേടുകൾ പറയുകയും മാജിക്ക് മായാജാലം കാണിക്കുകയും ചെയ്യുന്നവർക്ക് ചാനലിൽ മിന്നിമറയാൻ ലക്ഷങ്ങൾ സ്പോൺസർ ചെയ്യുന്നത് ദൈവത്തിന് കൊടുത്തതല്ല എന്നോർക്കണം. ആയതുകൊണ്ട് ആത്മീയമായത് തരേണമേ എന്ന് പ്രാർത്ഥിക്കാം.

## കവിത

## പ്രണാമം... പ്രണാമം... പ്രണാമം...



പ്രേം ഡാനിയേൽ

ആദ്യനും അന്ത്യനും നീയേ.....
ജീവൻരെ മാർഗ്ഗവും സ്നേഹസ്വരൂപിയും നീയേ
പാപമകറ്റി മാനവർക്ക് തൻനിണം ചിന്തി.
പ്രാണനേകി ക്രൂശതിൽ മുഴുലോകവും നേടാൻ.
നീയേ സർവ്വവും നീയേ......
പ്രണാമം നിൻ ചരണമതിൽ
അർപ്പിക്കുന്നിതാ പ്രാർത്ഥനയായി.
പ്രണാമം... പ്രണാമം... പ്രണാമം.
ഭാരതമേ എൻ ദേശമേ....
സോദരാ എൻ സോദരാ...
ശാന്തമായ് സ്നേഹമായ്
ഉയർത്താം ജയത്തിൻ കൊടി
പോയിടാം സ്നേഹദൂതുമായ്.
ആഹാരമില്ല ഭോജനമില്ല വസ്ത്രമില്ല.
എങ്കിലും അവർ പോകുന്നു മദ്യപാനത്തിനായ്
തൻ ഭാര്യയോ ഭയക്കുന്നു കുഞ്ഞുങ്ങളോ വിറയ്ക്കുന്നു.
സന്ധ്യയിങ്കൽ അഴിഞ്ഞാടുന്നു തൻ ഭവനമതിൽ.

ഭാരതവും വളരുന്നു ലോകരാജ്യങ്ങളെപ്പോലെ
വ്യവസായവും ടെക്നോളജിയും സമ്പത്തും ഒരുപോലെ
മറക്കുന്നു പൈതൃകം നമിക്കു വിദേശരീതിയെ
സമയമില്ല ഇവിടാർക്കും ഈശ്വരനെ നേടുവാൻ.
ഇല്ല സമാധാനം എവിടെയും
നേടിടാം ഭാരതത്തെ നന്മയിടെ ഭവനമായ്
മനുജാ നീ ദൈവത്തിൻ ദാനമെന്നോർത്തീടുക
തകർത്തിടല്ലേ ഈ ദാനമാം ജീവിതം
മറന്നീടുക ഈ ലോകത്തിൻ മോഹത്തെ.
ഉണ്ട് സമാധാനം ക്രിസ്തുവിൽ
നേടീടുക സഹോദരാ നിത്യതയെ
നാളെയും നാഴികയും നമുക്കുള്ളതല്ല.
നേടീടുക സഹോദരാ നിത്യതയെ
പ്രണാമം..പ്രണാമം...പ്രണാമം.



## വാട്സ്ആപ്പ്

നോട്ട് മാറ്റി മഷിയും പുരട്ടി തിരിച്ചു പോരാൻ നേരം നമ്മുടെ ഒരു മെമ്പറുടെ സംശയം..!

''സാർ, ഈ മഷി വെള്ളം കൊണ്ടാ പോകുമോ.?''

''ഇല്ല.''

''സോപ്പ് തേച്ച് കഴുകിയാ പോകുമോ...?''

''ഇല്ല പോകില്ല.''

''എത്ര നാൾ ഇതിവിടെ ഉണ്ടാകും...?''

''അത് ഒര് വർഷത്തോളം മായാതെ നിൽക്കും.''

''അങ്ങനെയാണേൽ കുറച്ച് എന്റെ തലയിൽ കൂടി

തേച്ച് തരുമോ സാർ.?ഏത് ഡൈ വാങ്ങി തേച്ചാലും ഒരാഴ്ചക്കുള്ളിൽ മൊത്തം വെളുക്കുവാ..!''

*കടപ്പാട്: വാട്സ്ആപ്പ് സന്ദേശം*

**നോവൽ**



**തോമസ് തോന്നയ്ക്കൽ**

***പാട്ടും നൃത്തവും കൊണ്ട് തമ്പാനും കൂട്ടരും ആടിത്തിമിർത്തപ്പോൾ ജനവും പാടിയും ആടിയും ആർത്തലച്ചു. കൂടാര മേലാപ്പിലെ തകര ഷീറ്റിൽ നിന്നും താഴേയ്ക്കു കുമിഞ്ഞിറങ്ങിയ ചൂട് കാറ്റിനെ തടയാൻ ഫാനുകൾ കൂട്ടത്തോടെ കറങ്ങിയെങ്കിലും ജനം വിയർത്തൊലിച്ചു...***

# ആന്റിക്രൈസ്റ്റ്



കുരിശുമല കയറി പുരുഷാരം പ്രാർത്ഥനാ കൂടാരത്തിലേയ്ക്കൊഴുകി. ആഘോഷ നിറവിലായിരുന്നു ജനം.

നഗരപ്രാന്തത്തിലെ പഴയ നരിമല എസ്റ്റേറ്റാണ് ഇപ്പോഴത്തെ കുരിശുമല. എസ്റ്റേറ്റിലെ റബ്ബർ മരങ്ങൾ വെട്ടിവെളുപ്പിച്ച് ജെസീബി കൊണ്ട് കുന്നിടിച്ച് നിരപ്പാക്കിയ സ്ഥലത്ത് തകരഷീറ്റിട്ട വലിയ പന്തലാണ് പ്രാർത്ഥനാ കൂടാരം. കുന്നുകയറി വരുമ്പോഴേ കൂടാരത്തിന് മുന്നിലെ ബോർഡ് വായിക്കാം: ''കുരിശുമല പ്രാർത്ഥനാ കൂടാരം.'' ബോർഡിന് മുന്നിൽ കറുത്തൊരു കൽക്കുരിശ് കഴുത്തുനീട്ടി നിന്നു.

കൂടാരത്തിൽ ആരാധനയുടെ ഗംഭീര ധ്വനി മുഴങ്ങി. ബ്രദർ തമ്പാൻ വേദിയിൽ പ്രത്യക്ഷനായി, സിംഹാസന കസേരയിൽ ചാഞ്ഞിരുന്നു. തൂവെള്ള നിറത്തിലെ ജുബ്ബായും പൈജാമയുമാണ് വേഷം. വെട്ടിയൊതുക്കിയ ധാടിയും നീണ്ടമുടിയും ബ്രദർ തമ്പാന് സാത്വികഭാവം നൽകി. മുടിയിഴകൾ തഴുകി ചിന്താമഗ്നനായിരുന്ന വെളുപ്പൻ തമ്പാനെ ആൾക്കൂട്ടത്തിലിരുന്ന അമ്മിണി സാകൂതം നോക്കി. അവൾ അടുത്തിരുന്ന മേരിയെ തോണ്ടിക്കൊണ്ട് പറഞ്ഞു.

''നോക്കെടീ.. എന്തൊരു ചന്തം. ജീസസിനെ പോലുണ്ട്...''

''എടീടി.. സോസ്ത്രം പറഞ്ഞുകൊണ്ടിരിക്ക്. നിന്റെ കെട്ടിയോന്റെ കള്ളുകുടി മാറട്ടെ.''

മേരി അമ്മിണിയെ ഉപദേശിച്ചു.

ജനത്തെ എഴുന്നേറ്റുനിന്ന് കൂടെ പാടാനും ആടാനും ക്വയർ ആഹ്വാനം ചെയ്തപ്പോൾ എല്ലാവരും എഴുന്നേറ്റ് കരങ്ങൾ ഉയർത്തി ആരാധിച്ചു. മേരിയും എഴുന്നേറ്റ് കരങ്ങൾ ഉയർത്തി വീശി. ഇടയ്ക്ക് കണ്ണുതുറന്ന് അമ്മിണിയെ നോക്കി. അവൾ കോട്ടുവായിട്ട് നിർവ്വിചാരിയായി എന്തോ ആലോചിച്ചിരുന്നു.

''എഴുന്നേൽക്കെടി. എഴുന്നേറ്റ് പാടി സ്തുതിക്ക്''

മേരി ശാന്തസ്വരത്തിൽ പറഞ്ഞു.

''നീ ചാടിക്കോ.. എനിക്കു വയ്യ''

ഇതുംപറഞ്ഞ് അമ്മിണി കസേരയിൽ ചാഞ്ഞിരുന്നു.

മേരി മുഖം വീർപ്പിച്ച് എന്തൊക്കെയോ പറഞ്ഞു സ്തുതിച്ചു.

ഗാനശുശ്രൂഷ കഴിഞ്ഞപ്പോൾ തമ്പാൻ മുന്നോട്ട് വന്ന് കരങ്ങൾ വീശി ഹല്ലേലൂയ്യാ പറഞ്ഞു. ജനവും അതേറ്റുചൊല്ലി. വീണ്ടും വീണ്ടും തമ്പാൻ ഹല്ലേലൂയ്യാ പറഞ്ഞു. അവിടെ ആവേശം തിരയടിച്ചു.

''ദിസ് ഈസ് ദ ഡേ ഓഫ് മിറാക്കിൾ!'' ഇത് അത്ഭുതത്തിന്റെ മഹാദിനമാണ്.

പഴയ പ്രീഡിഗ്രിക്കാരൻ തമ്പാൻ ഉറക്കെ വിളിച്ചുപറഞ്ഞു.

ചിട്ടിപ്പിരിവും പാട്ടവുമായി നടന്ന തമ്പാൻ പ്രസംഗത്തിനിടെ ഇംഗ്ലീഷ് വാക്കുകളും വാചകങ്ങളും തിരുകിക്കയറ്റുക പതിവാണ്.

വലിയ അത്ഭുതങ്ങൾ നടക്കാൻ പോവുകയാണെന്ന് തമ്പാൻ പറഞ്ഞപ്പോൾ ജനം ആർത്തു.

''ഇന്ന് രാത്രികാലം ചില അത്ഭുതങ്ങൾ നടക്കും. ഇന്നു രാത്രി ചില രോഗികൾ സൗഖ്യമാകും. ഭൂതങ്ങൾ വിട്ടുപോകും.''

തമ്പാന്റെ സെക്രട്ടറിയും കുരിശുമലയിലെ രണ്ടാമനുമായ ജോസുകുട്ടി ബ്രദർ വേഗം നടന്നുചെന്ന് തമ്പാന്റെ ചെവിയിൽ പറഞ്ഞു:

''അച്ചാ.. ഇത് പകലാ. രാത്രീന്ന് പറയാതെ...''

''ഓക്കെ.. ഓക്കെ... പകലെങ്കി പകല്.'' തമ്പാൻ പറഞ്ഞു.

ജോസുകുട്ടി അടക്കമാണ് പറഞ്ഞതെങ്കിലും ജനം ഉച്ചഭാഷിണിയിലൂടെ എല്ലാം കേട്ടു. ആൾക്കൂട്ടത്തിൽ ഒരു ചിരി പടർന്നു.

''എല്ലാവരും ഉറക്കെ ഒരു ഹല്ലേലൂയ്യാ പറഞ്ഞാട്ടെ'' ജാള്യത മാറ്റാൻ തമ്പാൻ ശ്രമിച്ചു.

''ആമേൻ, ആമേൻ...
കാൽവരി ലോർഡ്
കാൽവരി ലോർഡ്''

തമ്പാൻ ഉറക്കെ പറഞ്ഞപ്പോൾ ജനവും ആമേനും കാൽവരി ലോർഡും പറഞ്ഞു ആർത്തു.

ഒടുവിൽ തമ്പാൻ വചനശുശ്രൂഷയിലേക്ക് കടന്നു. യോഹന്നാന്റെ മൂന്നാം ലേഖനം രണ്ടാം വാക്യം വായിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഒരാൾ ഉറക്കെ വായിച്ചു.

''പ്രിയനെ, നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ, നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.''

വചനഭാഗം തമ്പാൻ ഉറക്കെ ആവർത്തിച്ചു.

''സകലത്തിലും ശുഭമായും സുഖമായും...''

തമ്പാൻ വചനം ജനത്തെക്കൊണ്ട് ഏറ്റുചൊല്ലിച്ചു.

''പ്രിയ മകനേ, മകളേ.. ഇത് നിനക്ക് സകലവും ശുഭം വരുന്ന രാത്രികാലമാണ്. അല്ല പകൽക്കാലമാണ്. നിന്റെ കച്ചവടവും ബിസിനസ്സും കുടുംബവും തലമുറയും അവരുടെ പഠിത്തവും നിന്റെ എല്ലാ കൃഷിയും ആടുമാടുകളും അവയുടെ പേറു പിറപ്പും, നിന്റെ വീടുപണി, വസ്തുക്കച്ചവടം, വണ്ടിക്കച്ചവടം എല്ലാം ശുഭമാകും. ക്യാൻസർരോഗം, ഡയബറ്റിക്, ഉദരരോഗം, അൾസർ, ഹൃദ്രോഗം, കരൾരോഗം, കാൽമുട്ടു വേദന, തലവേദന, നെഞ്ചുവേദന, പനി, പിടപിടപ്പ്, ചങ്കിടിപ്പ് എല്ലാം ഇപ്പോൾത്തന്നെ സുഖമാകും... ശുഭമാകും.. ഇത് നിന്റെ അവസ്ഥ മാറുന്ന പകല്ക്കാലമാണ്. നിന്റെ സാമ്പത്തിക സ്ഥിതി മാറും. കടം മാറും. ഡോളറും ദിനാറും നിന്റെ അക്കൗണ്ടിൽ നിറയും. ഫോറിൻ കറൻസികൾ പറപറന്നെത്തും. ചിട്ടിയും പാട്ടവും നിന്നെത്തേടിയെത്തും. നീ ഇനി ദരിദ്രനല്ല, കടക്കാരനല്ല. നിന്റെ മേലും നിന്റെ കുടുംബത്തിലും ബിസിനസ്സിലും കവിഞ്ഞൊഴുകുന്ന അനുഗ്രഹം പാഞ്ഞെത്തും... നീ അത് പിടിച്ചോ... ചാടിപ്പിടിച്ചോ... ഓടിപ്പിടിച്ചോ... എങ്ങനാണേലും പിടിച്ചോ...

റിസീവ്... റിസീവ്...

ഇന്നാ പിടിച്ചോ സൗഖ്യം...

ഇന്നാ പിടിച്ചോ അനുഗ്രഹം ...

റിസീവ്.. റിസീവ്...

ഹും... ഹും.. ഹ... ഹ...''

തമ്പാൻ അലറി. പിന്നെ ഉറക്കെ പ്രാർത്ഥിച്ചു.

''ഡിയർ ഹെവൻലി കാൽവരി ലോർഡ്...''

(മിക്കപ്പോഴും തമ്പാൻ ഇങ്ങനെയാണ് പ്രാർത്ഥിച്ചു തുടങ്ങുക. കേൾക്കുന്നവർക്കു തോന്നും മുഴുവനും ഇംഗ്ലീഷിലങ്ങ് പ്രാർത്ഥിച്ചു തീർക്കുമെന്ന്. പൂർണ്ണമായും ഇംഗ്ലീഷിൽ പ്രാർത്ഥിക്കാനറിയാത്ത തമ്പാൻ ബാക്കി മുഴുവനും മലയാളത്തിലാകും പ്രാർത്ഥിച്ചു തീർക്കുക.)

''ഇന്ന് ഈ ജനത്തെ അനുഗ്രഹിക്കണമേ... സൗഖ്യമാക്കണമേ... അത്ഭുതങ്ങൾ കാണാൻ ഈ ജനത്തിന്റെ കണ്ണുകൾ തുറക്കേണമേ...''

തമ്പാന്റെ മാസ്മരികത നിറഞ്ഞ വാക്കുകളിൽ ജനം ആമഗ്നരായി. സാമ്പത്തികമായി തകർന്നവരും പലവിധ രോഗങ്ങളാൽ വലഞ്ഞവരും പ്രതീക്ഷയോടെ തമ്പാന്റെ വാക്കുകൾക്ക് കാതോർത്തു.

എളുപ്പം സമ്പന്നരാകാനും, വലിയ വീടും വലിയ കാറും വാങ്ങാനും, ബിസിനസ്സിൽ അഭിവൃദ്ധി ഉണ്ടാകാനും ആഗ്രഹിച്ചവർ തമ്പാന്റെ പ്രസംഗത്തിന് ഉറക്കെ ആമേൻ പറഞ്ഞു.

വിശ്വസിച്ചുകൊണ്ട് എല്ലാവരും വചനം ഉച്ചരിച്ച് പ്രാർത്ഥിക്കാൻ പറഞ്ഞപ്പോൾ മേരി ഉറക്കെ പ്രാർത്ഥിച്ചു.

''കർത്താവേ, എന്നെയും എന്റെ കുടുംബത്തെയും അനുഗ്രഹിക്കണേ. പകുതി കിടക്കുന്ന വീടുപണി പൂർത്തിയാക്കാൻ സഹായിക്കേണം. അയലത്തെ ഗ്രേസിയുടെ വീട്ടുമുറ്റത്തു കിടക്കുന്ന പോലത്തെ വലിയ ഇന്നോവ കാറ് ഞങ്ങൾക്കും തരേണം. നഴ്സിംഗ് കഴിഞ്ഞ മോൾക്ക് യു.കെ.യിൽ ജോലി കിട്ടേണം, എഞ്ചിനീയറിംഗ് പഠിച്ച മോനെ അമേരിക്കയിലയയ്ക്കേണം. എന്റെ ഭർത്താവിന്റെ ഷുഗർ മാറണം, അനിയത്തി അമ്മിണിയുടെ ഭർത്താവിന്റെ മദ്യപാനം മാറേണം, വാടക വീട്ടിൽ താമസിക്കുന്ന അവർക്ക് സ്വന്തം വീട് നൽകേണം...''

''കർത്താവേ, ഞാനീ ചോദിച്ചത് കൂടിപ്പോയോ? കർത്താവേ തമ്പാൻ ബ്രദർ പറയുന്നത് സകലവും ശുഭമാകും, കർത്താവിനോട് എന്തു ചോദിച്ചാലും സകലവും തരുമെന്നാണല്ലോ... അതുകൊണ്ടാണ് എന്റെ മനസ്സിലുള്ളത് ചോദിച്ചത്...''

''ആമേൻ, സോസ്ത്രം...'' മേരി പ്രാർത്ഥിച്ചു നിറുത്തി.

പാവം ജനം! ഇടയനില്ലാത്ത ആടുകളെപ്പോലെ ചിന്നിയവരും ചിതറിയവരുമായ അവർ മനമുരുകി പ്രാർത്ഥിച്ചപ്പോൾ കർത്താവിന് കേൾക്കാതിരിക്കാൻ കഴിഞ്ഞില്ല. ചിലരുടെ രോഗങ്ങൾ മാറുകയും ചിലർക്ക് വിടുതലുകൾ സംഭവിക്കുകയും ചെയ്തു.

വിടുതൽ ലഭിച്ചവർ മുന്നോട്ടു വരാൻ പറഞ്ഞപ്പോൾ സ്ത്രീപുരുഷന്മാരുടെ വലിയൊരു കൂട്ടം സ്റ്റേജിലേയ്ക്ക് തള്ളിക്കയറി. അവർ കരഞ്ഞും നെഞ്ചത്തടിച്ചും സാക്ഷ്യം പറഞ്ഞു. ക്യാമറകൾ സാക്ഷ്യങ്ങൾ മുഴുവനും പകർത്തിക്കൊണ്ടിരുന്നു.

തൈലക്കാരൻ തങ്കച്ചൻ രംഗമൊക്കെ വീക്ഷിച്ച് ആൾക്കൂട്ടത്തിലിരിക്കുകയായിരുന്നു. പട്ടണത്തിലെ ബസ് സ്റ്റാൻഡുകളിൽ തങ്കച്ചൻ നടുവേദനയ്ക്കും മുട്ടുവേദനയ്ക്കും ശമനം നൽകുന്ന തൈലം വിറ്റ് ഉപജീവിച്ച് വരുമ്പോൾ ബൈക്കിൽ നിന്നു വീണ് കാലൊടിഞ്ഞ് ചികിത്സയിലായിരുന്നു. പ്ലാസ്റ്ററെടുത്ത ശേഷം കാലൂന്നി നടക്കാറായ അവസ്ഥയിലാണ് ഭാര്യയ്ക്കൊപ്പം തങ്കച്ചൻ കുരിശുമല കയറിയത്.

തങ്കച്ചൻ എഴുന്നേറ്റ് വേദിയിലേയ്ക്ക് നടന്നു. ആൾക്കൂട്ടത്തെ വകഞ്ഞ് സ്റ്റേജിലെത്തി. ദേഹത്ത് ചൂടുവെള്ളം വീണപോലെ തങ്കച്ചൻ ഞെരിപിരികൊണ്ടു. വിറച്ചുകൊണ്ട് ഉറക്കെ ഹല്ലേലൂയ്യാ പറഞ്ഞു നിൽക്കുന്ന തങ്കച്ചനെ ഒരു വോളണ്ടിയർ ശ്രദ്ധിച്ചു. അയാൾ തങ്കച്ചനെ തമ്പാന്റെ അടുക്കലെത്തിച്ചു.

''എന്താണ് സംഭവിച്ചത്?'' തമ്പാൻ ചോദിച്ചു.

''അത്... അത്.. വലിയ.. ഒരു...''

തങ്കച്ചൻ ബാക്കി പറഞ്ഞില്ല.

''പറയൂ....'' തമ്പാൻ നിർബന്ധിച്ചു.

അവിടെ ഒരു നിശബ്ദത പരന്നു. തങ്കച്ചൻ പറയുന്നതു കേൾക്കാൻ ജനം കാതോർത്തു.

''എനിക്ക് വിടുതലായി... എനിക്ക് വിടുതലായി...''

''എന്തു വിടുതൽ...?'' തമ്പാൻ ചോദിച്ചു.

''ആക്സിഡന്റിൽ ഒടിഞ്ഞ എന്റെ കാലിന് സൗഖ്യം വന്നു... ബ്രദർ പ്രാർത്ഥിച്ചപ്പോൾ ഒരു വലിയ ചൂടുകാറ്റ് എന്റെ മേലടിച്ചു. കാലിലെ വേദന പമ്പകടന്നു.'' തങ്കച്ചൻ വിറയാർന്ന സ്വരത്തിൽ പറഞ്ഞു.

''വലിയ ചൂടു കാറ്റടിച്ചോ?'' തമ്പാൻ ആവർത്തിച്ചു ചോദിച്ചു.

''അതേയതേ... ചൂട് കാറ്റടിച്ചു.'' തങ്കച്ചൻ ഉറക്കെപ്പറഞ്ഞു.

തങ്കച്ചൻ പറഞ്ഞത് പാട്ടുരൂപത്തിൽ തമ്പാൻ നീട്ടിപ്പാടി.

''കാറ്റടിച്ചു... ചൂട് കാറ്റടിച്ചു...
തങ്കച്ചന്റെ മേലിലങ്ങ്
കാറ്റടിച്ചു...''

ജനം ഏറ്റുപാടി;

കാറ്റടിച്ചു...
ചൂട് കാറ്റടിച്ചു...''

ക്വയർ പാട്ട് ഏറ്റെടുത്തു. അവർ ആവർത്തിച്ചു പാടി. ജനവും ഏറ്റുപാടി. ഇലക്ട്രിക് ഗിറ്റാറിന്റെയും കീബോർഡിന്റെയും അകമ്പടിയിൽ ക്വയർ പുത്തൻ പാട്ട് ആവർത്തിച്ചു. പാട്ടും നൃത്തവും കൊണ്ട് തമ്പാനും കൂട്ടരും ആടിത്തിമിർത്തപ്പോൾ ജനവും പാടിയും ആടിയും ആർത്തലച്ചു. കൂടാര മേലാപ്പിലെ തകര ഷീറ്റിൽ നിന്നും താഴേയ്ക്കു കുമിഞ്ഞിറങ്ങിയ ചൂട് കാറ്റിനെ തടയാൻ ഫാനുകൾ കൂട്ടത്തോടെ കറങ്ങിയെങ്കിലും ജനം വിയർത്തൊലിച്ചു.

കാര്യങ്ങൾ ഇത്രത്തോളം പോകുമെന്ന് തങ്കച്ചൻ ഒരിക്കലും ചിന്തിച്ചില്ല. ജനത്തോടൊപ്പം ചാടാൻ ശ്രമിച്ചപ്പോൾ കാലിനു വേദനതോന്നി. പിന്നെ ചാടിയില്ല. ഒടുവിൽ എല്ലാവരുടെയും ചാട്ടം തീരുംവരെ തങ്കച്ചൻ കയ്യടിച്ചും ശരീരം വിറപ്പിച്ചും നിന്നു. (തുടരും)

## പ്രീച്ചർ കമന്റ്



കൃപാ വരങ്ങൾ ഇല്ലാത്ത സഭാ നിർജീവമാണ്; ശക്തമായ കൃപാ വരങ്ങളിൽ ജ്വലിക്കാത്ത ശുശ്രൂഷകൻ ഒരു പരാജയമാണ്.

**പാസ്റ്റർ രാജു മേത്ര**

# അസഹഷ്ണുതയുടെ കാലവും എഴുത്തും എഴുത്തുകാരും

**ബോബൻ ക്ലീറ്റസ്**

ആരാവാരങ്ങളും കൊട്ടിഘോഷങ്ങളോടെ പിറവികൊണ്ട പല മാധ്യമങ്ങളും മൺമറഞ്ഞു. കാരണം ഒറ്റയ്ക്ക് നടക്കാൻ കഴിയാതെ വരുന്നു. നാമ്പ് നുള്ളാൻ ഇറങ്ങി തിരിച്ചവരും കാരണമാകുന്നു. ഭാരിച്ച സാമ്പത്തിക ചിലവ് വരിസംഖ്യ സമ്പ്രദായത്തിന്റെ തകർച്ച മുന്നോട്ട് പോകാൻ ചിലരുടെ കൈപിടിത്തം വേണം എന്ന സ്ഥിതി ചെന്നെത്തുന്നത് തിന്നുതീർക്കുന്ന ചില തീവിഴുങ്ങികളുടെ മുന്നിൽ അത് കാരണം പല മാധ്യമങ്ങളും എഴുത്തുകാരും മിണ്ടാതെയായി അല്ലെങ്കിൽ മിണ്ടാതെയാക്കി. ആ കാലം ഇതാ കഴിയുന്നു. ഒറ്റയ്ക്ക് നടക്കാം വലിയകൂട്ടത്തോട് സംസാരിക്കാം. വമ്പൻ കരവലയത്തിൽ പിടിച്ചു വരുന്ന മാധ്യമ സാമ്രാജ്യം സോഷ്യൽ മീഡിയാ സംസ്കാരം തകർത്തെറിഞ്ഞു. അവരുടെ ആധിപത്യം അവസാനിച്ചതിന്റെ അവസാന റൗണ്ട് ആകാശ വെടിയും മുഴങ്ങിക്കഴിഞ്ഞു. സത്യം പറയുന്നവനെ വായനക്കാർക്ക് വേണം. സകല തിന്മകൾക്ക് മുന്നിൽ കണ്ണുമടച്ച് ഇരിക്കുന്നത് തന്നെ വലിയ തിന്മയാണ്. എന്തിന് വേണ്ടി എഴുതണം? എന്ന ചോദ്യത്തിന് സ്വയം ഉത്തരവും എന്തിന് എഴുതണമെന്നുള്ള മറ്റുള്ളവരുടെ ചോദ്യത്തിന് ഉത്തരവും കണ്ടെത്തിയിരിക്കണം. തിരുത്തുകളും മിനുക്കുകളും കഴിഞ്ഞ് പ്രസിദ്ധീകരിക്കുന്ന ആശയങ്ങൾ പിന്നീട് എഴുത്തുകാരന്റെ സ്വന്തമല്ല സമൂഹത്തിന്റേതായി മാറുന്നു. ഇവിടെ വേഗത മാത്രം നോക്കിയാൽ മതി. ഇവിടെ അറിയാനും അറിയിക്കാനുമുള്ള സമയം ലോഗിങ്ങിനും ലോഗൗട്ടിനും മധ്യത്തിൽ മാത്രം. സർവ്വ സ്വതന്ത്രമായ ഒരിടം അതിനെ അപക്വവും ബാലിശവുമായ കമന്റുകളുടെ ഇടമാക്കി മാറ്റാതെ സാമൂഹിക ഇടപെടലിനും .ആത്മാവിഷ്കാരത്തിനും നന്മ നിലനിർത്താനുമുള്ള പൊതുവേദിയാക്കണം.

### എഴുത്തുകാരന്റെ കഴുത്ത് നോക്കുക

ഇത് പോലെ സംസ്കാര ശൂന്യമായ പ്രവർത്തിയും നാണക്കേടിന് കൂട്ടുപിടിക്കുന്നവരുടെയും കാലം. കറുത്തകോട്ട് ഇട്ട് നിയമം കൈയ്യിലൊതുക്കിയവരും കാക്കിയണിഞ്ഞ നിയമപാലകരും മാധ്യമത്തെ ഒതുക്കാൻ നോക്കുന്നു. നാറിയത് അകത്തിരുന്ന് നാറിയാലും ആർക്കും കുഴപ്പമില്ല പുറത്ത് ആരു അറിയരുത്. എഴുത്തുകാരൻ ഭയപ്പാടോടെ ജീവിക്കേണ്ടിയ കാലം ആരൊക്കെയോ പിന്തുടരുന്നുണ്ട്. ചില നിഴലാട്ടങ്ങൾ ഒരു കൈകൊണ്ട് ആശ്ലേഷിക്കുന്നവന്റെ മറുകൈയ്യിൽ പാരയാണോ എന്ന ഭയം. സഭയ്ക്കുള്ളിലെ ജീർണ്ണതകളെ സഭയുടെ ആത്മീയ പരിസരമലിനീകരണത്തെ, അനാത്മീയ രാഷ്ട്രീയ വ്യവസ്ഥിതിയെ തുറന്ന് കാട്ടാൻ ഭയപ്പെട്ടാൽ തകരുന്നത് ഒരു വലിയ സമൂഹവും ഇതൊന്നും അധികം അറിയാത്ത പലരുടെയും വിശ്വാസവും ആയിരിക്കും. എഴുത്തുകാരും മാധ്യമങ്ങളും എന്തെഴുതണം എന്തെഴുതരുത് എന്ന് നിയന്ത്രിക്കുന്ന ദൃശ്യവും അദൃശ്യവുമായ ചില ശക്തികൾ അവർ പലരുടെയും ശ്വാസം കൊണ്ട് തങ്ങളുടെ വിജയക്കൊടി പാറിപറപ്പിക്കുന്നു. സകല തിന്മയും കൈമുതലാക്കിയിട്ട് സ്വയം നീതീകരിക്കുന്നവർ സഭാസമൂഹത്തിന്റെയും മൂല്യം തന്നെ നശിപ്പിക്കുന്നു. ചിലരുടെ ജന്മം കൊണ്ട് ചെയ്തുകൂട്ടന്ന തിന്മകളെ തിരുത്താൻ ഒരു ജന്മം മാത്രം പോര.

# പഴയ ചില്ലറ കാര്യങ്ങൾ



വാണിജ്യകാര്യത്തിൽ എക്കാലവും മുൻപന്തിയിലായിരുന്ന എബ്രായർ ക്രി.മു 500 നു മുൻപ് സ്വർണ്ണം, വെള്ളി, ചെമ്പ് എന്നിവയെ തൂക്കി ക്രയവിക്രയം നടത്തുക പതിവായിരുന്നു. മുദ്രവച്ച നാണയങ്ങൾ ഇല്ലായിരുന്നു. ശേക്കൽ എന്നു വിളിച്ചിരുന്നത് കച്ചവടക്കാരുടെ അടയാളമിട്ടിരുന്ന വെള്ളി,പൊൻ തകിടുകളെ ആയിരുന്നു എബ്രായരുടെ ഇടയിൽ ആദ്യമായി നാണയം നിർമ്മിച്ചത്. ക്രിസ്തുവിന് മുൻപ് 2-ാം നൂറ്റാണ്ടിൽ എബ്രായരുടെ മുതിർന്ന നേതാക്കന്മാരായിരുന്ന മക്കാബി സഹോദരങ്ങളായിരുന്നു.

ആലയത്തിലെ തൂക്കപ്രകാരം അരശേക്കൽ എന്നത് ഒരു നാണയമല്ല. പുരോഹിതന്മാർ ഏർപ്പെടുത്തിയിരുന്ന തൂക്കമായിരുന്നു ഒരു താലന്ത് വെള്ളിയുടെ തൂക്കം ഏകദേശം 96 പവൻ തൂക്കത്തിന്റെ സമമായിരുന്നു. ഒരു താലന്ത് പൊന്നിന്റെ തൂക്കം 108 പവൻ തൂക്കത്തിന്റെ സമമാണ്.

റോമാ സാമ്രാജ്യത്തിൽ നിലവിൽ ഉണ്ടായിരുന്ന നാണയങ്ങളാണ് പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്നത് യവനായർ ഉണ്ടാക്കിയ നാണയങ്ങളും റോമാസാമ്രാജ്യ കാലഘട്ടത്തിൽ നിലവിൽ ഉണ്ടായിരുന്നു. എന്നാൽ ദേവാലയത്തിൽ പുരോഹിതന്മാർ ഏർപ്പെടുത്തിയിരുന്ന അരശേക്കൽ മാത്രമേ ഉൾകൊണ്ടിരുന്നുള്ളൂ. ദേവാലയ പരിസരങ്ങളിൽ നാണയവിനിമയത്തിന് വാണിഭക്കാർ പ്രത്യേക കേന്ദ്രങ്ങൾ ക്രമീകരിച്ചിരുന്നു.



## ദ്രഹ്മ

യവനായർ നിർമ്മിച്ച് വിനിമയം നടത്തിയിരുന്ന വെള്ളിനാണയമാണ് ദ്രഹ്മ. റോമൻ സാമ്രാജ്യകാലഘട്ടമായ പുതിയ നിയമ കാലഘട്ടത്തിൽ പറഞ്ഞിരിക്കുന്നതും യേശുവിന്റെ ഉപമയിൽ ശ്രദ്ധേയമായ ഒരു നാണയമാണ് ദ്രഹ്മ. ഇതിന് ഏകദേശം 9 അര അണ വിലയുണ്ട്.

## ചതുർദ്രഹ്മ

യൂദായ്ക്ക് കൊടുത്ത 30 വെള്ളിക്കാശ് ചതുർദ്രഹ്മപണമാണ് എന്നത് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇത് ഫൊയിനീക്യകാരുടെ വെള്ളിനാണയമാണ്. യേശുവിനെ ഒറ്റികൊടുത്ത യൂദായ്ക്ക് ലഭിച്ച വെള്ളിക്കാശ് എന്ന നിലയിൽ വേദപണ്ഡിതന്മാർ ഇതിനെ ഊന്നി പറയുമ്പോൾ ലോകശ്രദ്ധ നേടിയ പുതിയ നിയമ കാലഘട്ടത്തിലെ നാണയങ്ങളിൽ ഇത് തന്നെയാണ് ഒന്നാമത്.



## ദ്വിദ്രഹ്മ

ഫൊയിനീക്യർ നിർമ്മിച്ച അരശേക്കൽ നാണയമാണ് ദ്വിദ്രഹ്മ. ഇതിനെക്കുറിച്ച് മത്തായി സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നു. പുരോഹിതന്മാർ ഈ ദ്വിദ്രഹ്മയെ ദേവാലയ ഭണ്ഡാരത്തിൽ സ്വീകരിച്ചിരിക്കുന്നു. ദേവാലയത്തിൽ വഴിപാടായി ഓരോ പുരുഷന്മാരും അരശേക്കൽ വീതം തലവരി കൊടുക്കണം.

## താലന്ത്

ഇത് ഒരു നാണയമല്ല. ഇത് ഒരു പണതുകയാണ്. ഇതിന്റെ വില ഏകദേശക്കണക്കനുസരിച്ച് 240 പവൻ അഥവാ 3600രൂപയാണ്.

## ദിനാരിയോൻ

സർവ്വസാധാരണമായി റോമൻ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന നാണയമാണ് ദിനാരിയോൻ ഇതിനാണ് മലയാള വേദപുസ്തകത്തിൽ വെള്ളിക്കാശ് എന്ന് വിളിച്ചിരുന്നത്. മത്താ. 18:28 പണം എന്നും വിളിച്ചിരുന്നു.

## റാത്തൽ

ഇതും ഒരു നാണയമല്ല ഒരു പണത്തുകയാണ്റാത്തലിന് മിനാ എന്നും പേരുണ്ട് ഇതിന്റെ വില 4 പവനാണ്.

*<u>സൂചിക:</u> ഈ വിഷയത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഖ്യകൾ സൂഷ്മമല്ല ഉദ്ദേശമത്രേ*

MY WEDDING | MY HOLY BAPTISM
MY ENGAGEMENT | HOUSE WARMING
MY BIRTHDAY | FUNERAL SERVICE

Catering Services | Stage Decorations | Church Decoretion | Car Decoration | Church Choir
Auditorium Booking | Travel Arrangements | Photo & Videos | Light & Sounds
Compairing Chair Cover | Ornaments | Balloon Decorations | Dry Flower Arrangements
Panthal Arrangements | Birthday Functions | Musical & dance Programs | Baptism Arrangements
Tomp Decorations | Coffin Arrangements | Fruits & Ice Carving | Chocalate Fountain | Web live TV

ഗിലെയാദ് EVENTS
GILEAD
Kanal Junction, Karavaloor, PUNALUR
PH : +91 9947691221, +91 9947691300
www.gileadplr.com, gileadplr@gmail.com

അശ്വതി ജ്വാലയുമായി യുവശബ്ദം ചീഫ് എഡിറ്ററും ഫെയ്ത്ത് ട്രാക്ക് റിപ്പോർട്ടറുമായ ബ്ലസൻ ചെറുവക്കൽ നടത്തിയ അഭിമുഖത്തിൽ നിന്നും...



ബ്ലസൻ ചെറുവക്കൽ



അശ്വതി ജ്വാല

**നമ്മൾ ഇപ്പോൾ കേരളത്തിൽ വളരെ സ്വസ്ഥമായി ജീവിക്കുന്നു. അപ്പോൾ നമ്മൾ ഈ നാടിന് എന്തെങ്കിലും തിരിച്ചു കൊടുക്കേണ്ടതായിട്ടുണ്ട്. ആ ഉത്തരവാദിത്വത്തിൽ വരുന്ന ഏറ്റവും പ്രധാന കാര്യമാണ് ഇങ്ങനെ നമ്മുടെ സമൂഹത്തിൽ ഏറ്റവും താഴെക്കിടയിൽ കിടക്കുന്ന മനുഷ്യരെ നമ്മളാൽ കഴിയുന്ന രീതിയിൽ സഹായിക്കുക എന്നത്. അത് യുവതലമുറയ്ക്ക് കുറെ കൂടുതൽ ചെയ്യുവാൻ കഴിയും.**

# പ്രവൃത്തികളുടെ പാതയിൽ

# തെരുവിൽ തെളിഞ്ഞ ജ്വാല

### ? പ്രവർത്തനങ്ങൾ ഇതുവരെ?

തെരുവിൽ ഒറ്റപ്പെട്ട നൂറ്റമ്പതോളം മനുഷ്യർക്ക് എല്ലാ ദിവസവും ഭക്ഷണം നൽകിവരുന്നു. ജ്വാല ആരോഗ്യമിഷൻ പദ്ധതി ഇവർക്കുവേണ്ടി തുടങ്ങിയ പദ്ധതിയാണ്. തെരുവിൽ അലഞ്ഞു നടക്കുന്ന മനുഷ്യർക്കായി വളരെ സന്നദ്ധരായ തിരുവനന്തപുരത്തെ വിവിധ ഡോക്ടേഴ്സുമായി സഹകരിച്ച് എല്ലാ ആഴ്ചയിലും ഇവർക്കായി മെഡിക്കൽ ക്യാമ്പ് നടത്തുന്നു. ഇവർക്കായി ഭാഗ്യക്കുറി പദ്ധതിയിലൂടെ ചെറിയ ഭാഗ്യക്കുറി വിൽപ്പന കൗണ്ടറുകൾ ചെയ്തുകൊടുക്കുന്നു. ചെറിയ പെട്ടിക്കടകൾ പോലെ ചെയ്തുകൊടുത്ത് അവർക്ക് ഏതിനോടാണോ താൽപ്പര്യം അതനുസരിച്ച് റ്റീ ഷോപ്പുകൾ, ചെറിയ ബിസിനസ്സുകൾ എന്നിവ നടത്താൻ ഷോപ്പുകൾ ക്രമീകരിച്ചു നൽകുന്നു. അങ്ങനെ 18കേന്ദ്രങ്ങൾ ഇപ്പോൾ സിറ്റിയിൽ പ്രവർത്തിക്കുന്നു. മറ്റാരും സഹായത്തിനില്ലാതെ തെരുവിൽ അലഞ്ഞു തിരിയുന്ന 822 പേരെ ഇതിനോടകം പുനരധിവസിപ്പിച്ചു. ഇവരെ പേരൂർക്കട മെന്റൽ ഹോസ്പിറ്റൽ, മറ്റ് ഓൾഡേജ് ഹോമുകൾ, പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവിടങ്ങളിലാണ് പാർപ്പിച്ചിരിക്കുന്നത്.

### ? ചെറിയ പ്രായത്തിൽതന്നെ ഈ മേഖലയിൽ

ഞാൻ വിശപ്പിനെക്കുറിച്ച് നന്നായി അറിഞ്ഞവളും ഒരു നേരത്തെ ഭക്ഷണത്തിന്റെ വില എന്താണെന്ന് മനസ്സിലാക്കിയവളുമാണ്. എന്റെ ചെറു പ്രായത്തിൽ (3-ാം വയസ്സിൽ) എന്റെ അച്ഛൻ ഞങ്ങളെ ഉപേക്ഷിച്ചു പോയതാണ്. മൂന്ന് കുട്ടികളടങ്ങിയ ഞങ്ങളുടെ കുടുംബത്തെ അമ്മ വീട്ടുജോലികൾ ചെയ്താണ് വളർത്തിയത്. എനിക്കൊരു മെഡിക്കൽ റെപ്പായി ജോലി ലഭിക്കുമ്പോഴാണ് ആദ്യമായി ഈ പ്രവർത്തനം തുടങ്ങുന്നത്. വെറും 5 പേർക്ക് ഭക്ഷണം കൊടുക്കുക എന്ന ഒരു താൽപ്പര്യത്തോടുകൂടെയാണ് ഞാൻ ഈ രംഗത്തേക്ക് ഇറങ്ങിയത്. എന്നാൽ അവരുടെ ദുരിതങ്ങൾ കണ്ടപ്പോൾ ഈ മേഖലയെപ്പറ്റി ആഴത്തിൽ ചിന്തിക്കുവാനും അവരുടെ ഇടയിലേക്ക് ഇറങ്ങിപ്രവർത്തിക്കുവാനും ഇടയായി. ഇങ്ങനെയുള്ളവർക്ക് എന്നും ഭക്ഷണം കൊടുക്കുമ്പോൾ അവർക്ക് ഒരു കാരുണ്യം മാത്രമേ ലഭിക്കുന്നുള്ളൂ. അവർക്ക് മാറ്റങ്ങളൊന്നും ഉണ്ടാകുന്നില്ല. അതുകൊണ്ടാണ് അവരെ പുനരധിവസിപ്പിക്കുക എന്ന പ്രവർത്തനവുമായി ഞങ്ങൾ ഇറങ്ങിത്തിരിച്ചത്. അതിനായി നല്ല രീതിയിൽ ബോധവൽക്കരണം നടത്തിവരുന്നു.





തെരുവു മനുഷ്യർ എന്നു പറഞ്ഞ് സമൂഹത്തിൽ നിന്നും അവരെ മാറ്റി നിർത്തുന്ന ഒരു കാഴ്ചപ്പാട് ഇന്നത്തെ സമൂഹത്തിൽ നിന്നും മാറി വരുന്നുണ്ട്.

### ? സാമ്പത്തിക സഹായം

പ്രവാസികളായ വളരെ കുറച്ചു ആൾക്കാർ നൽകുന്ന സാമ്പത്തിക സഹായമാണ് ഈ പ്രവർത്തനങ്ങളുടെ വിജയം. ആശയങ്ങൾ വളരെ വലുതായതുകൊണ്ട് മാത്രം പിടിച്ചു നിൽക്കുന്ന സംഘടനയാണിത്. ഫണ്ട് ആവശ്യത്തിന് ലഭ്യമായിരുന്നുവെങ്കിൽ ഇതിനേക്കാൾ മികവുറ്റ പ്രവർത്തനം നടത്തുവാൻ സാധിക്കുമായിരുന്നു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 15 സെന്റ് സ്ഥലം വീതം ജ്വാല ഫൗണ്ടേഷന് നൽകാമെങ്കിൽ തെരുവു മനുഷ്യരില്ലാത്ത കേരളം എന്ന സ്വപ്നസാക്ഷാത്കാരത്തിന്റെ പ്രാഥമിക പ്രവർത്തനമെങ്കിലും നടത്തിയെടുക്കാമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

### ? വെല്ലുവിളികളും പ്രോത്സാഹനങ്ങളും

പ്രോത്സാഹനങ്ങൾ വളരെയാണ്. നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ പേരും ആഗ്രഹിക്കുന്ന ഒരു കാര്യമാണ് ഞങ്ങളുടെ സംഘടന ചെയ്തുകൊണ്ടിരിക്കുന്നത്. ജാതി-മത, വർഗ്ഗ-വർണ്ണ രാഷ്ട്രീയ അതിർവരമ്പുകൾ മറികടന്ന് എല്ലാവരും ഞങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. മറ്റു പല സംഘടനകളും പ്രത്യക്ഷമായിട്ടല്ലെങ്കിലും ഒരുപാട് സഹായങ്ങൾ നൽകുന്നുണ്ട്. ഞങ്ങളുടെ ഈ പ്രവർത്തനങ്ങൾ ഒരു ഐക്കൺ ആയി മാറുമ്പോൾ സാമൂഹിക പ്രവർത്തന മേഖല ഇപ്പോൾ കച്ചവടമായി കണക്കാക്കുന്ന ഒരു കൂട്ടം മനുഷ്യർക്ക് പ്രസ്ഥാനവും ഞാനുമൊക്കെ വളരെ അസ്വസ്ഥത ഉണ്ടാക്കുന്നു. അതുമൂലമുണ്ടാകുന്ന വെല്ലുവിളികളാണ് എപ്പോഴും അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ളത്.

### ? ഭാവി കാഴ്ചപ്പാടുകൾ...

തെരുവു മനുഷ്യരില്ലാത്ത കേരളം എന്നതാണ് ജ്വാലയുടെ അന്തിമമായ ലക്ഷ്യം. അത് ഒരു ഓർഫണേജ് കെട്ടിയാലോ ചാരിറ്റബിൾ ഹോം കിട്ടിയാലോ തിരുവനന്തപുരത്ത് ഒരു സ്ഥാപനം നിർമ്മിച്ചാലോ തീരുന്നതല്ല. അതിന് ശക്തമായ ബോധവൽക്കരണം ഉണ്ടാകണം. നമുക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് ഇത്രയും വർഷങ്ങൾക്ക് ശേഷവും തെരുവുകളിൽ ഇന്നും ഭക്ഷണത്തിനായി മനുഷ്യർ കാത്ത് നിൽക്കുന്നു എന്നുള്ള ആ ഒരു പ്രസ്താവന തന്നെ മാറണം. നമ്മുടെ തെരുവുകളിൽ മൃഗങ്ങൾക്കുവേണ്ടി വരെ വളരെയധികം ആഹ്വാനങ്ങൾ പല സെലിബ്രിറ്റികളും നടത്തുന്ന ഈ കാലത്ത് തെരുവു മനുഷ്യർ എന്ന ഒരു മുദ്രപോലും ഉണ്ടാകാൻ പാടില്ല. അപ്പോൾ അതിന് വേണ്ടിയുള്ള ശ്രമങ്ങളാണ് അന്തിമലക്ഷ്യം.

### ? യുവജനങ്ങളോടുള്ള സന്ദേശം

നമ്മൾ ഈ സമൂഹത്തിൽ ജീവിക്കുമ്പോൾ നമുക്ക് ഈ സമൂഹത്തോട് വളരെയധികം ഉത്തരവാദിത്വമുണ്ട്. നമ്മൾ സ്വന്തം കാര്യങ്ങൾ നോക്കുന്നു, ജീവിക്കുന്നു എന്നല്ല. ആ ഉത്തരവാദിത്വം ചെയ്താൽ മാത്രമേ കഴിയൂ. നമ്മൾ ഇപ്പോൾ കേരളത്തിൽ വളരെ സ്വസ്ഥമായി ജീവിക്കുന്നു. അപ്പോൾ നമ്മൾ ഈ നാടിന് എന്തെങ്കിലും തിരിച്ചു കൊടുക്കേണ്ടതായിട്ടുണ്ട്. ആ ഉത്തരവാദിത്വത്തിൽ വരുന്ന ഏറ്റവും പ്രധാന കാര്യമാണ് ഇങ്ങനെ നമ്മുടെ സമൂഹത്തിൽ ഏറ്റവും താഴെക്കിടയിൽ കിടക്കുന്ന മനുഷ്യരെ നമ്മളാൽ കഴിയുന്ന രീതിയിൽ സഹായിക്കുക എന്നത്. അത് യുവതലമുറയ്ക്ക് കുറെ കൂടുതൽ ചെയ്യുവാൻ കഴിയും. കാരണം, അവരൊക്കെ കഴിവുള്ളവരാണ്. ചിന്തിക്കാൻ കഴിവുള്ളവരാണ്, അവർക്കിനിയും സമയമുണ്ട്, നടപ്പിലാക്കാൻ പ്രാപ്തിയുള്ളവരാണ്. സ്വാർത്ഥരായ ഒരു കൂട്ടം മനുഷ്യരിലേക്കൊതുങ്ങാതെ സമൂഹത്തിന് വേണ്ടി ഇറങ്ങുക. സമൂഹത്തിന് വേണ്ടി ആഴത്തിൽ ചിന്തിക്കുന്ന വ്യക്തിത്വങ്ങൾ ഉണ്ടാകണം.







ചെറുകഥ

## പുകഴ്ത്തൽ...?

ഒരു അമേരിക്കൻ പര്യടനത്തിനിടയിൽ വിൻസ്റ്റൻ ചർച്ചിൽ ഒരു വേദിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രസംഗങ്ങളിലും വൻ ജനാവലി ശ്രോതാക്കളായി എത്തുക പതിവായിരുന്നു. യോഗത്തിന്റെ അവസാനം സംഘാടകരിൽ ഒരാൾ അദ്ധേഹത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റുകയെന്ന മനപൂർവ്വ ഉദ്ദേശത്തോട് കൂടി അദ്ദേഹത്തെ പുകഴ്ത്തുവാൻ തുടങ്ങി അദ്ദേഹത്തോട് ചോദിച്ചു ഇത്രയും വലിയ ജനാവലി താങ്കളുടെ പ്രസംഗം കേൾക്കാൻ തടിച്ച് കൂടുമ്പോൾ അങ്ങേയ്ക്ക് ആവേശം തോന്നാറില്ലേ തന്നെ പുകഴ്ത്തുക എന്ന ഉദ്ദേശത്തോട് കൂടിയ സമീപനമാണ് എന്ന് മനസ്സിലാക്കിയ അദ്ദേഹം മറുപടി പറഞ്ഞു എന്നെ പ്രസംഗിക്കാൻ കൊണ്ട് വരുന്നതിന് പകരം തൂക്കി കൊല്ലാനാണ് കൊണ്ട് വന്നതെങ്കിൽ ഇതിലും ആളുകൾ കൂടുമായിരുന്നു. ചോദ്യകർത്താവ് ഇളിഭ്യനായി.

## കേട്ടറിവ്

### ഹാപ്പി ബർത്ത്ഡേ എന്ന ഗാനം പാടിയാൽ കേസാകും

പിറന്നാൾ ആഘോഷത്തിന് പാടി പതിഞ്ഞ ഗാനമാണ് ഹാപ്പി ബർത്ത്ഡേ റ്റു യൂ......1998-ലെ ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സ് പ്രകാരം ഇംഗ്ലീഷിൽ ഏറ്റവും അംഗീകരിക്കപ്പെട്ട ഗാനമാണിത്. 18 ഭാഷയില്ലെങ്കിലും ഈ ഗാനം മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഗാനം വ്യവസായ ലക്ഷ്യത്തോട് കൂടി പാടിയാൽ കേസാകും കാരണം എന്താന്നല്ലേ.

1893-ൽ പാറ്റി സ്മിത്ത് ഹിൽ, മിൽഡ്രഡ് ജെ ഹിൽ എന്നീ അമേരിക്കൻ സഹോദരിമാർ ചേർന്ന് ഗുഡ് മോർണിംഗ് ഡിയർ ചിൽഡ്രൻസ് എന്ന മനോഹര ഗാനത്തിന് രൂപം നൽകി. ആ ഗാനം പ്രശസ്തമാവുകയും ചെയ്തു. പാറ്റി സ്മിത്ത് ഹിൽ കെന്റക്കിയിലെ ലൂയിവിൽ എക്സ്പിരിമെന്റൽ കിന്റർഗാർട്ടൺ സ്കൂളിന്റെ പ്രിൻസിപ്പാളും മിൽഡ്രഡ് ജെ ഹിൽ അതേ സ്കൂളിലെ അധ്യാപികയും പിയാനിസ്റ്റുമായിരുന്നു. വർഷങ്ങൾക്ക് ശേഷം ഒരു പബ്ലിഷർ അതിന്റെ കെട്ടും മട്ടും മാറ്റി ഇടയ്ക്കുള്ള വരിയായ ഹാപ്പി ബർത്ത്ഡേ റ്റു യൂ എന്നത് ആദ്യം കൊണ്ട് വരികയും ചെയ്തു. ബ്രോഡ് വേ എന്ന സംഗീതപരിപാടിയിൽ 1934 ൽ ഈ പാട്ട് കേട്ട പഴയ ഹിൽ കുടുംബാംഗം ജെസീക്ക സംഗീത ട്രൂപ്പിന്റെ ട്രൂപ്പിനെതിരെ കേസ് കൊടുത്തു. ജെസീക്കായ്ക്ക് അനുകൂലമായ കോടതി വിധിയും ഉണ്ടായി. അതിനുശേഷം വാണിജ്യരീതിയിൽ ഈ ഗാനം ഉപയോഗിക്കുന്നത് നിയമപരമായി എന്ന് കരുതി കേക്ക് മുറിച്ച പാട്ട് പാടുന്നത് വാണിജ്യലക്ഷ്യത്തോടെ അല്ലാത്തതിനാൽ കുറ്റമല്ല. വാർണർ മ്യൂസിക് ഗ്രൂപ്പിനാണ് ഇപ്പോൾ ഈ ഗാനത്തിന്റെ പകർപ്പവകാശം. 2008 വർഷത്തിൽ മാത്രം 20 ലക്ഷം ഡോളറാണ് കമ്പനിയ്ക്ക് ഈ വകയിൽ വരുമാനമുണ്ടയത്.

## പറഞ്ഞറിവ്

### വിലാപയാത്ര പതുക്കെ നീങ്ങുന്നത് എന്തുകൊണ്ട്?

ജ്വലിക്കുന്ന തീ പന്തങ്ങളും കത്തുന്ന മെഴുകുതിരികളും ഉപയോഗിച്ചായിരുന്നു റോമാക്കാർ വിലാപയാത്ര നടത്തിയിരുന്നത്. ഫ്യൂണറൽ എന്ന വാക്കിന് ലത്തീൻ ഭാഷയിൽ തീപന്തമെന്നും അർത്ഥമുണ്ട് അക്കാലത്ത് ശവപ്പട്ടിക്കു മുകളിൽ അനേക ശിഖരങ്ങൾ ഉള്ള സ്റ്റാൻഡിൽമെഴുകുതിരി കത്തിച്ചു വച്ചുകൊണ്ടായിരിക്കും യാത്ര. ഇങ്ങനെ യാത്ര ചെയ്യുമ്പോൾ മെഴുകുതിരി അണഞ്ഞു പോകാതിരിക്കാനാണ് പതുക്കെ യാത്ര ചെയ്തിരുന്നത്. അതിന്റെ പിന്തുടർച്ചയെന്നവണ്ണം ഇന്നും വിലാപ യാത്രകളിൽ പതുക്കെ നടക്കുന്നത് പതിവാക്കിയിരിക്കുന്നു.

## വെബ് അറിവ്

### ഇന്റർനെറ്റിന് അടിമപ്പെടാതിരിക്കാൻ സഹായിക്കുന്ന വെബ്സൈറ്റ്

സോഷ്യൽ മീഡിയ വെബ്സൈറ്റുകളായ ഫെയ്സ് ബുക്ക്, ടിറ്റർ,യൂട്യൂബ് തുടങ്ങിയ വെബ്സൈറ്റുകൾ നിരന്തരം നോക്കുന്നവരുടെ എണ്ണം കൂടി വരുന്നു എന്നാണ് പഠനങ്ങൾ പറയുന്നത്. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള വെബ്സൈറ്റുകൾ നിരന്തരം സന്ദർശിച്ച് ഒരു ശീലമായി അടിമപ്പെടുന്നവരുണ്ട്. ഏതെങ്കിലും ഒരു കമ്പ്യൂട്ടറിലോ ലാപ്ടോപ്പിലോ മൊബൈൽ ഫോണിലോ തിരഞ്ഞെടുത്ത വെബ്സൈറ്റുകൾ സന്ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയാണെങ്കിൽ അത് കൃത്യമായി ചെയ്യുവാൻ ഇപ്പോൾ കീപ്മീഔട്ട് ഡോട്ട് കോം (www.keepmeout.com) എന്ന വെബ്സൈറ്റ് സൗജന്യമായി സേവനം നൽകന്നു. വളരെ ഈസിയായി ഉപയോഗിക്കുന്ന വെബ്സൈറ്റാണിത്. ലോഗിൻ ചെയ്യേണ്ട ആവശ്യമില്ല. നിയന്ത്രിക്കേണ്ട വെബ്സൈറ്റിന്റെ അഡ്രസും എത്ര സമയത്തിനുള്ളിൽ വെബ്സൈറ്റ് പ്രത്യക്ഷപ്പെടുത്തണം എന്നും കൊടുക്കുക. നിശ്ചയിച്ച സമയത്തിനുള്ളിൽ നിയന്ത്രിക്കേണ്ട വെബ്സൈറ്റ് വീണ്ടും കാണാൻ ശ്രമിച്ചാൽ ഉടനടി കീപ്മീഔട്ട് ഡോട്ട്കോം മുന്നറിയിപ്പ് നൽകും.



## ഗ്രന്ഥാഭിപ്രായം

ഗ്രന്ഥം:
**വാഗ്ദത്തത്തിലേക്കുള്ള കനൽ വഴികൾ**
രചയിതാവ്:
**ജോൺസൺ കുമ്പനാട്**

**ഉപ്പാകേണ്ടവരും വെളിച്ചമാകേണ്ടവരും തികച്ചും ആഡംഭരങ്ങളില്ലാതെ അരുമനാഥനായ ക്രിസ്തുവിനെ ഒരു വേഴാമ്പൽ കണക്കെ കാത്തിരിക്കുന്ന ശുദ്ധയും നിഷ്കളങ്കമായ സഭ. അതിന്റെ മൂല്യത്തിൽ നിന്നും വഴുതി മാറിപ്പോകുമ്പോൾ ദൈവാത്മാവ് ഉള്ളവൻ പ്രതികരിക്കും. അതാണ് ഈ ഗ്രന്ഥം.**

**ജയ്മോൻ, തിരുവല്ല**

വാഗ്ദത്തത്തിലേക്കുള്ള കനൽ വഴികൾ എന്ന ഗ്രന്ഥം ഇക്കാലത്തിന്റെ ശക്തമായ ദൈവശബ്ദമാണ്. 37 പ്രസംഗങ്ങൾ ഒന്നിനോടൊന്ന് ഇണക്കിച്ചേർത്ത് വായനക്കാരെ രസം പിടിപ്പിക്കാതെ പകരം ഹൃദയത്തെ തൊട്ടുണർത്തി ശരിയും തെറ്റും തിരുവചന അടിസ്ഥാനത്തിൽ വിശുദ്ധപുസ്തകത്തിലെ ഭക്തന്മാരെ മുന്നിൽ നിർത്തി നമ്മുടെ ആത്മീയ ജീവിതത്തെ പരിശുദ്ധാത്മാവിൽ വളർത്തുവാൻ ഒരു മഴമേഘമായി മാറുന്നു. അലസ വായനയും അശ്രദ്ധയും സാധ്യമല്ല. ധ്യാനമാക്കാനാണ് ഈ ഗ്രന്ഥം. ശ്രേഷ്ഠരായ ദൈവദാസന്മാർ അവതാരികയും പുസ്തകാഭിപ്രായങ്ങളും എഴുതി പ്രോത്സാഹിപ്പിച്ചിരിക്കുന്നു. (പാസ്റ്റർ ജേക്കബ് ജോൺ, പാ.റ്റി.ഡി.ബാബു, റ്റി.പി തോമസ്) ഇരുട്ടിലും തകർന്നവനും ദൈവത്തിന്റെ വാഗ്ദത്തം ഏറ്റെടുത്ത് മടങ്ങി വരാനുള്ള ആഹ്വാനമാണ് പുസ്തകം നൽകുന്നത്. കാലം തികച്ചും മാറിയിരിക്കുന്നു. തിന്മ മറ്റേതു കാലത്തെക്കാൾ അതിന്റെ പൂർണ്ണ വളർച്ചയുടെ പടവുകളിലാണ്.




മനുഷ്യന്റെ അവസാന കൈത്തിരിയാണ് സഭ. തന്റെ ജീവിത പ്രതിസന്ധികളിൽ അഭയം തേടാനുള്ള ഏറ്റവും ശ്രേഷ്ഠമായ ഇടമാണത്. ഒരുവന്റെ ആശ്വാസത്തിന്റെയും വിശുദ്ധിയുടെയും കൃപയുടെയുമെല്ലാം സ്ഥാനം. ഇക്കാലത്തിന്റെ എല്ലാ ലൗകികതയും ആത്മീയവത്കരിച്ച് കച്ചവട മനോഭാവത്തോടെ ലോകത്തെ സഭയുമായി വേളി കഴിപ്പിച്ച് തീർത്തും സഭ ലോകാനുരൂപരായി അതിനെ ആസ്വദികുമ്പോൾ ഒരു സമൂഹത്തിന്റെ അപചയങ്ങൾ അതിന്റെ പരകോടിയിലെത്തുമ്പോഴാണ് ദൈവത്തിനു മാത്രമായി വേർതിരിച്ചിരിക്കുന്ന സഭയിലും തകർച്ച തുടങ്ങുന്നത്. ഉപ്പാകേണ്ടവരും വെളിച്ചമാകേണ്ടവരും തികച്ചും ആഡംഭരങ്ങളില്ലാതെ അരുമനാഥനായ ക്രിസ്തുവിനെ ഒരു വേഴാമ്പൽ കണക്കെ കാത്തിരിക്കുന്ന ശുദ്ധയും നിഷ്കളങ്കമായ സഭ. അതിന്റെ മൂല്യത്തിൽ നിന്നും വഴുതി മാറിപ്പോകുമ്പോൾ ദൈവാത്മാവ് ഉള്ളവൻ പ്രതികരിക്കും. അതാണ് ഈ ഗ്രന്ഥം.

പുതിയ ആത്മീയതയല്ല ആവശ്യം പുതുക്കപ്പെടലും മനസ്സും ശരീരവും നിർമ്മലീകരിക്കപ്പെടലുമാണ് ഉത്തമെമന്നും ആത്മീയ വളർച്ച എപ്രകാരം വേണെമെന്ന് പുസ്തകം വളരെ ആഴമായി പഠിപ്പിക്കുന്നു. വ്യക്തതയുള്ള ഉപദേശപരമായ, ഭൂമിശാസ്ത്രപരമായ ക്രിസ്തു കേന്ദ്രീകൃതമായ വീക്ഷണം. ഇക്കാലത്തിന്റെ ആത്മീയത, ദുരുപദേശങ്ങൾ, സ്ഥലനാമത്തിന്റെ അർത്ഥതലങ്ങൾ, ഭക്തന്മാരുടെ ആശ്രയം, ക്രിസ്തുവിലുള്ള വീണ്ടെടുപ്പ് തുടങ്ങിയ എല്ലാ വിഷയങ്ങൾക്കും അടുക്കും ചിട്ടയോടും കൂടെ പ്രതിപാദിച്ചിരിക്കുന്നു.

ഒരു ഭക്തന് ക്രിസ്തുവിന്റെ വരവ് വരെ നടന്ന് നീങ്ങാവുന്ന ഒരു പാത നമ്മിൽ തുറക്കുന്നു. കനൽ വഴികൾ എന്നത് ഒരു പക്ഷേ കാലുകളെ മാത്രമല്ല ഹൃദയത്തെയും ജീവിതത്തെയും പൊള്ളിക്കുമെങ്കിലും ഒരു വൈദ്യന്റെ കണക്ക് മുറിവുകളെ ഗിലയാദിലെ നൽ കുഴമ്പിനാൽ വച്ചു കെട്ടിയാണ് വിടുക. പിന്നെയും നടക്കുവിൻ ക്രിസ്തു വഴിയെ അവനോടൊപ്പം നടക്കുവാൻ ഈ ഗ്രന്ഥം നമ്മിൽ ആവേശവും ഉത്തേജനവും പ്രത്യാശയും പ്രചോദവനവും നൽകുന്നു.



മനുഷ്യന് സഹിക്കാൻ പറ്റുന്ന പരമാവധി വേദന 45 ഡെൽ (യൂണിറ്റ്) ആണ്. എന്നാൽ പ്രസവസമയത്തു സ്ത്രീ അനുഭവിക്കുന്നത് 57 ഡെൽ വേദന. അതായത് ഒരേ സമയം 20 അസ്ഥികൾ ഒടിഞ്ഞാൽ ഉണ്ടാകുന്ന വേദന! ആ അമ്മയെയാണ് ചില മക്കൾ, വാർധക്യത്തിൽ വൃദ്ധസദനത്തിൽ ഉപേക്ഷിക്കുന്നതെന്ന് ഓർക്കുക.

ഫെയ്ത്ത്ട്രാക്ക്
പേജ് 9 • 1 ഡിസംബർ 2016



# കുട്ടികൾക്കായി കുട്ടികളോടൊപ്പം...



# ഒരു പോൾ പാസ്റ്റർ

**ദൃശ്യമാധ്യമങ്ങളിലൂടെ കുരുന്ന് ഹൃദയങ്ങളിലേയ്ക്ക് സുവിശേഷത്തിന്റെ വിത്തുകൾ പാകാൻ വെമ്പലോടെ ഓടിനടക്കുന്ന പോൾപാസ്റ്റർക്ക് അനേക തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.**

തിരുവനന്തപുരം തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് വൈകിട്ട് ആണ് പാസ്റ്റർ പോൾ കെ മാത്യു ട്രെയിൻ കയറിയത് രാവിലെ ട്രിച്ചി റയിൽവേ സ്റ്റേഷനിലെത്തി. പരിസരബോധം വീണ്ടെടുത്ത് നിൽക്കുമ്പോഴാണ് രണ്ട് പഞ്ചിങ്ങ് ഡയലോഗ്. സ്റ്റേഷന് സമീപമുള്ള തെരുവോരങ്ങളിൽ താമസിക്കുന്ന രണ്ട് കുട്ടികൾ സംസാരിക്കുന്നു. ഒന്നാമൻ എതുക്കാകെ നീ വന്നേ രണ്ടാമൻ അപ്പാവുക്ക് ടീയും ബണ്ണും വാങ്ങാൻ ഒന്നാമൻ എടാ ബെൻ ഉനക്ക് എതുക്കടാ ബണ്ണ്. ഏതോ തമിഴ് സിനിമയിലെ പഞ്ചിങ്ങ് ഡയലോഗാണ് ബാലന്മാർ കാച്ചിയത് എന്ന് പാസ്റ്റർ പോളിന് മനസിലായി. ആ ഡയലോഗ് തട്ടിയത് തന്റെ നെഞ്ചിലായിരുന്നു. തന്റെ കണ്ണ് തുറന്നു.

ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം കുടിൽ തൊട്ട് കൊട്ടാരം വരെ സ്വാധീനിച്ചിരിക്കുന്നു. കേൾക്കുന്നത് മറക്കാൻ സാദ്ധ്യതയുണ്ട് എന്നാൽ കാണുകയും കേൾക്കുകയും ചെയ്യുന്നത് മനസ്സിൽ പതിഞ്ഞ് കിടക്കും അതാണ് ദൃശ്യമാധ്യമം.

സിനിമാ, സീരിയൽ, കാർട്ടൂൺ തുടങ്ങിയുള്ള ദൃശ്യമാധ്യമങ്ങളിലൂടെ കിട്ടുന്ന അറിവുകൾ മായാതെ അവരുടെ ഉല്ളിൽ കിടക്കും പിന്നീട് ഇതിലെ നായികാ നായകൻമാരുടെ ചെയ്തികളെ അവർ അനുകരിക്കുന്നു. എന്നാൽ അനുകരിക്കാൻ ഏറ്റവും യുക്തമായ ഒരാളെ ദൃശ്യമാധ്യമത്തിൽ കൂടെ പരിചയപ്പെടുത്തി കൊടുക്കുക അതായിരുന്നു പഞ്ചിങ്ങ് ഡയലോഗിലൂടെ പോൾ പാസ്റ്റർക്ക് കിട്ടിയ പഞ്ച്.

സിനിമാ, സീരിയൽ, കാർട്ടൂൺ തുടങ്ങിയ ദൃശ്യമാധ്യമങ്ങളിൽ ആകൃഷ്ടരാകുന്നവർ അവരുടെ ജീവിത, സംസാര, വസ്ത്രധാരണ ശൈലിയിലേയ്ക്ക് വരെ കടന്ന് കയറ്റം നടത്തുന്നു. തുടർന്ന് ഇതിന്റെ സ്വാധീന വലയത്തിൽപ്പെട്ട് കുട്ടികൾ തുടങ്ങി മുതിർന്നവർ വരെ വഴി തെറ്റുന്നു. ഈ തെറ്റുകളിൽ നിന്ന യാഥാർത്ഥ്യത്തിലേക്കുള്ള ടേണിംഗ് പോയിന്റാണ് പിന്നീട് പെനിയേൽ ചൈൽഡ് & യൂത്ത് ഡവലപ്പ്മെന്റ് സെന്റർ.

23 വർഷമായി കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു മഹനീയ ടീമാണ് ഇത്. മദ്യപാനത്തിനെതിരായ പരസ്യ ബോധവൽക്കരണ പരിപാടികൾ, പപ്പറ്റ് ഷോകൾ, വെക്കേഷൻ ബൈബിൾ സ്കൂൾ പ്രോഗ്രാമുകൾ, സ്കൂൾ കോളേജ് തലത്തിൽ മദ്യ മയക്കുമരുന്നുകൾക്കെതിരെയുള്ള ബോധവൽക്കരണങ്ങളും ഇവർ നടത്തിവരുന്നു.

പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും സാമ്പത്തിക ഞെരുക്കങ്ങളുടെയും നടുവിൽ കുട്ടികൾക്കിടയിൽ വളർന്ന് വന്ന ഈ പ്രവർത്തനം ഇന്ന് കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിൽ പടർന്ന് പന്തലിച്ച് കിടക്കുന്നു. വെക്കേഷൻ ബൈബിൾ സ്കൂൾ, ചിൽഡ്രൻസ് ക്യാമ്പ്, യൂത്ത് ക്യാമ്പ്, കുട്ടികൾക്കായുള്ള ആൽബങ്ങൾ നിർമ്മിക്കുക പദ്ധതികൾ നിലവിലുണ്ടെങ്കിലും യുവാക്കൾക്കായി പൂർണ്ണമായി വിദേശത്ത് ഒരാൽബം ചിത്രീകരിക്കാൻ ആഗ്രഹിച്ച് സ്പോൺസേഴ്സിനെ എഴുന്നേൽപ്പിക്കാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

പാസ്റ്റർ പോൾ തിരഞ്ഞെടുക്കുന്ന പാട്ടുകളും ആക്ഷനുകളിലും ലൊക്കേഷൻ സെലക്ഷനിലുമെല്ലാം സന്ദേശങ്ങൾ ഒളിഞ്ഞ് കിടക്കുന്നുണ്ട്. മാറാനായി മാറ്റത്തിനായി പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ. കുട്ടികൾക്കായി 16 ആൽബങ്ങൾ സംവിധാനം ചെയ്തിട്ടുള്ള പോൾ പാസ്റ്റർ സ്വന്തമായി 8 ആൽബങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ ഞാൻ ദൈവത്തിൻ ദാനം എന്ന സീരീസിലെ മൂന്നാമത്തെ ആൽബത്തിന്റെ പണിപ്പുരയിലാണ്.

ദൈവത്തിൻ ദാനം എന്ന സീരീസിന്റെ 3-ാം ആൽബത്തിന്റെ ഷൂട്ടിങ്ങ് കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിലാണ് നടക്കുന്നത്. 2016 സെപ്റ്റംബർ 10 ന് രാത്രിയിൽ ഷൂട്ടിങ്ങ് കഴിഞ്ഞ് ഇടുക്കിയിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് പോകുന്ന വഴി ആയൂർ മാർത്തോമ്മ കോളേജിന് സമീപം പോൾ പാസ്റ്റർ ഓടിച്ചിരുന്ന മാരുതി ഈക്കോകാർ ഒരു കുഴിയിലേയ്ക്ക് മറിഞ്ഞ് ഒരു വലിയ അപകടം ഉണ്ടായി അപ്പാടെ തകർന്ന വാഹനത്തിന്റെ അരികിലേയ്ക്ക് വിവരമറിഞ്ഞ് എത്തിയ പോലീസ് ഉദ്യോഗസ്ഥരുടെ ആദ്യത്തെ ചോദ്യം എത്രപേർ മരിച്ചു എന്നാണ്. അനർത്ഥം വ്യസനത്തിന് കാരണം ആകാൻ ഇടവരാതെ ദൈവം തന്റെ കുഞ്ഞുങ്ങളെ തന്റെ കരങ്ങൾക്കുള്ളിൽ കാത്തുരക്ഷിച്ചു. ഒരു നല്ല തലമുറയെ വാർത്തെടുക്കുക എന്ന ശ്രമകരമായ ദൗത്യത്തിൽ നിന്ന് പിൻതിരിപ്പിക്കാൻ പിശാച് ഒരുക്കുന്ന തന്ത്രങ്ങൾ പലതാണ്. ഈക്കോ പോയെങ്കിൽ പോട്ടെ ഒരു ട്രാവലറിനായി പ്രാർത്ഥിക്കുകയാണെന്നാണ് വണ്ടിതകർന്നതിൽ വിഷമമുണ്ടോ എന്ന് ചോദിച്ചവരോട് താൻ പറഞ്ഞത്.

ദൃശ്യമാധ്യമങ്ങളിലൂടെ കുരുന്ന് ഹൃദയങ്ങളിലേയ്ക്ക് സുവിശേഷത്തിന്റെ വിത്തുകൾ പാകാൻ വെമ്പലോടെ ഓടിനടക്കുന്ന പോൾപാസ്റ്റർക്ക് അനേക തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ഞാൻ ദൈവത്തിന്റെ എന്ന ആൽബത്തിന്റെ രണ്ടാം വോളിയത്തിലെ ഒരു ഗാനം ഷൂട്ട് ചെയ്യാൻ തിരുവനന്തപുരം ശംഖ് മുഖം കണ്ണാംതുറ കടൽതീരത്താണ് പോയത്. അകലെ സൂര്യൻ ചെങ്കതിർ വീശി കടലിന്റെ ആഴത്തിലേയ്ക്ക് മറയാൻ വെമ്പൽ കൊണ്ട് നിൽക്കുന്ന മനോഹരദൃശ്യം. ഇത് ഈ ഗാനത്തിന്റെ ബാക്ക് ഗ്രൗണ്ട് ആയി ഒപ്പിയെടുക്കണമെന്നുള്ള ആഗ്രഹത്തോടെ സെറ്റിട്ടു. കുഞ്ഞുങ്ങൾ ഒരുങ്ങി നിരന്നു. ക്യാമറാ മിഴികൾ തുറന്ന് രണ്ട് ഷോട്ടെടുത്തു. പെട്ടെന്ന് ഘനഗംഭീരമായ ഒരു ശബ്ദം പിന്നിൽ മുഴങ്ങി ഇത് ക്രിസ്തീയ പ്രോഗ്രാം ആണോ? ഇവർ പറഞ്ഞു അതേ. ചർച്ചിന്റെ പ്രോഗ്രാമാണോ? ഇവർ പറഞ്ഞു അതേ. നിങ്ങൾ പെന്തക്കോസ്തുകാരാണോ? ഇവർ പറഞ്ഞു അതേ. പിന്നെ ശരം പോലെ ചോദ്യം നിങ്ങൾ അമ്മയില്ലാത്തവരാണോ? ഉത്തരം പറയുന്നതിന് മുൻപ് അടുത്ത ചോദ്യം അമ്മയില്ലാതെ മക്കൾ ഉണ്ടാകുന്നത് എങ്ങനെയാ? ആകെ പ്രശ്നമായി സ്ത്രീകളും പുരുഷന്മാരുമായി തുറയിലുള്ള അനേകർ അവിടെയെത്തി. ലക്ഷങ്ങൾ വിലയുള്ള ക്യാമറയിൽ പിടിവീണു ഒരു തരത്തിൽ അവിടെ നിന്ന് രക്ഷപെട്ടു. എന്നാൽ അതിലും മനോഹരമായ ദൃശ്യങ്ങൾ ഒരുക്കി ദൈവം കാത്തിരുന്നു. അടുത്ത ദിവസം പൊഴിയൂർ പൂവ്വാർ കടൽ തീരങ്ങളിൽ നാട്ടുകാരുടെ സഹായത്തോടെ അവരുടെ ചിലവിൽ സീനുകൾ ഷൂട്ട് ചെയ്യാൻ ദൈവം സഹായിച്ചു എന്ന് പറയുമ്പോൾ തന്റെ മുഖം പ്രകാശിക്കുന്നത് എന്നോടൊപ്പം ഉണ്ടായിരുന്ന ബ്രദർ എബി പടപ്പക്കര കണ്ണുകൊണ്ട് കാണിച്ചപ്പോഴാണ് ഞാനും ശ്രദ്ധിച്ചത്. തിക്താനുഭവങ്ങളുടെ നടുവിൽ ദൈവത്തിന്റെ കരം ചലിക്കുന്നത് പലതവണ അവർ കണ്ടിട്ടുണ്ട്.

ഇങ്ങനെയൊക്കെ ചെയ്യുന്നതിൽ എന്തെങ്കിലും റിസൾട്ട് ഉണ്ടോ എന്ന് ചോദിച്ചപ്പോൾ ഒരു സംഭവം വിവരിച്ചു. ഒരിക്കൽ പാസ്റ്റർ പോളിന് ഒരു ഫോൺകോൾ ഫോണെടുത്തപ്പോൾ ഒരു സ്ത്രീയുടെ ശബ്ദം. ആദ്യം തന്റെ പ്രവർത്തനങ്ങളെ അനുമോദിച്ച ശേഷം തുടർന്നു. എനിക്ക് രണ്ട് പെൺകുട്ടികളാണ് ഉള്ളത് ഞങ്ങൾ പെന്തക്കോസ്ത്കാരാണ് എന്നാൽ ഞങ്ങളുടെ കുടുംബത്തിലെ രക്ഷിക്കപ്പെടാത്തവരുടെ സ്വാധീന വലയത്തിൽപെട്ട് അവർ ആഭരണം ധരിക്കാൻ തുടങ്ങി. ഞാൻ അതിനെ പ്രതിരോധിക്കാൻ തുടങ്ങി. കുറച്ച് നാൾ കഴിഞ്ഞ് ആഭരണം വർജ്ജിക്കാൻ അവരെ പ്രേരിപ്പിച്ചെങ്കിലും വിലപ്പോയില്ല. സഭയിലെ പാസ്റ്റർ വളരെ പരിശ്രമിക്കുകയും കൗൺസിൽ കൊടുക്കുകയും ചെയ്തു എന്നിട്ടും ആഭരണം മാറ്റിയില്ല. എന്നാൽ ഒരു കൺവൻഷനിൽ വച്ച് ഞാൻ ദൈവത്തിൽ ദാനം എന്ന ആൽബം ആ മാതാവ് വന്ന കുട്ടികൾക്ക് കൊടുത്തു. നല്ല ആൽബം ആയതിനാൽ കുഞ്ഞുങ്ങൾ പലതവണ അതു കണ്ടു. ഒരു ദിവസം രണ്ട് കുഞ്ഞുങ്ങളും ചേർന്ന് അമ്മയുടെ അടുത്തെത്തി പറഞ്ഞു അമ്മ കൈയ്യൊന്ന് നീട്ടിയേ അവർ കൈ നീട്ടി കുട്ടികൾ അവർ അണിഞ്ഞിരുന്ന ആഭരണങ്ങൾ ആ മാതാവിന്റെ കൈകുമ്പിളിലേയ്ക്ക് എറിഞ്ഞിട്ടുകൊണ്ട് പറഞ്ഞു ഞങ്ങൾ കണ്ട ആൽബത്തിലെ ചേച്ചിമാർ ആഭരണം ധരിച്ചിട്ടില്ലെങ്കിലും അവർക്ക് എന്തൊരു സൗന്ദര്യം അതുകൊണ്ട് ഞങ്ങൾക്കും ആഭരണം വേണ്ട. കുഞ്ഞുങ്ങളെ ലോകസ്നേഹത്തിൽ നിന്ന് ദൈവസ്നേഹത്തിലേയ്ക്ക് നയിക്കാൻ ഇത് സഹായിക്കുന്നു. ദിവസവും ഇതുപോലുള്ള നിരവധി ഫോൺകോളുകൾ വരുന്നുണ്ട്. ഇത് ഞങ്ങൾക്ക് സന്തോഷം പകരുന്ന ഒന്നാണ്.

ആലപ്പുഴ ജില്ലയിൽ പാണ്ടനാട് മാത്യു അച്ചാമ്മ ദമ്പതികളുടെ മകനായി ജനിച്ച പോൾ കാവുംപറമ്പിൽ മാത്യു അഥവാ പോൾ കെ മാത്യുവിന്റെ സഹധർമ്മിണി റീനയും അവരുടെ ദാമ്പത്യത്തിൽ വിരിഞ്ഞ മൂന്ന് പൂമൊട്ടുകളാണ് ഫേബ, അക്സ, ഫിലിപ്പ്. ഇവരാണ് തന്റെ സമ്പാദ്യം അല്ലാതെ ലോകത്തിൽ സ്വന്തമായി ഒന്നുമില്ലാത്ത ഇവർ ഇത്രയും ആൽബങ്ങൾ നിർമ്മിച്ചിട്ടും യാതൊരുവിധ ബാങ്ക് ബാലൻസും ഇല്ലാതെ ലഭിക്കുന്നത് മുവുവനും കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്കായി ചിലവിടുന്നു. ഈ പ്രവർത്തനങ്ങളോടൊപ്പം ഇന്ത്യയിലാകെ വ്യാപിച്ച് കിടക്കുന്ന ഫുൾഗോസ്പൽ പെന്തക്കോസ്തൽ സഭയുടെ സർക്കിൾ(ഡിസ്ട്രിക്ട്) പാസ്റ്ററായും സഭാശുശ്രൂഷകനായും പ്രവർത്തിക്കുന്നു. വായനക്കാർ ഈ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമെ.

**തയ്യാറാക്കിയത്:**



**അജി തോമസ് മണലിൽ**



## ഇന്നത്തെ പ്രഭാഷണം

പ്രസംഗിക്കാൻ എഴുന്നേറ്റ ശുശ്രൂഷകൻ പറഞ്ഞു. ഇന്നത്തെ എന്റെ പ്രസംഗം കളവുപറയുന്നവരെക്കുറിച്ചാണ്. കേൾവിക്കാരുടെ നെറ്റി ചുളിഞ്ഞു. അദ്ദേഹം ചോദിച്ചു; നിങ്ങളിൽ എത്ര പേർ കളവുപറയും? എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു: ഞങ്ങൾ കള്ളം പറയാറില്ല. അദ്ദേഹം അർത്ഥം ഒളിപ്പിച്ച് ഒന്നു പുഞ്ചിരിച്ചു. അദ്ദേഹം പ്രസംഗിച്ച് തുടങ്ങി. ഇന്നത്തെ എന്റെ പ്രസംഗ വിഷയം മത്തായി സിവിശേഷം 30-ാം അദ്ധ്യായത്തിൽ നിന്നാണ്. നിങ്ങളിൽ എത്ര പേർ വായിച്ചിട്ടുണ്ട്. പകുതിയിലേറെപ്പേർ കൈയുയർത്തി. അദ്ദേഹം എന്നിട്ട് ഇങ്ങനെ പറഞ്ഞു: എനിക്ക് നിങ്ങളോടാണ് നിങ്ങളെക്കുറിച്ചാണ് പ്രസംഗിക്കാനുള്ളത്. കാരണം മത്തായി സുവിശേഷം 30-ാം അദ്ധ്യായം ഇല്ല.



ഔദ്യോഗിക ജീവിതത്തിൽ നാം വിശ്വസ്ഥരാണോ? വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും വിശ്വസ്ഥരായവർക്ക് എല്ലാ നിലയിലും ഉയർച്ചയുടെ പടികൾ ചവിട്ടി കയറുവാൻ സാധിക്കും എന്നത് രൂത്തിന്റെ അനുഭവത്തിൽ നിന്നും മനസ്സിലാക്കാം.

# വിശ്വസ്ഥയായ രൂത്ത്



സിസ്റ്റർ ഒമേഗ സുനിൽ

രൂത്ത് എന്ന പേരിന്റെ അർത്ഥം സ്നേഹിത എന്നാണ്. ന്യായാധിപന്മാരുടെ കാലത്ത് അഭയാർത്ഥികളായി മോഖാബ് ദേശത്തുപോയി താമസിച്ച എലീമലേക്കിന്റെയും നവോമിയുടെയും മൂത്തമകനായ മഹ്ലോന്റെ ഭാര്യയാണ് രൂത്ത്. ന്യായാധിപ ഭരണകാലത്തിന്റെ ഇരുളടഞ്ഞ പശ്ചാത്തലത്തിൽ നിർവ്യാജ സ്നേഹത്തിന്റെ യഥാർത്ഥ ചിത്രമാണ് രൂത്ത്.

പാലസ്തീൻ നാടിന്റെ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന യെഹൂദയിൽ നിന്നുള്ളവരാണ് ഈ കുടുംബം. ബെത്‌ലഹേമിൽ നിന്നും യാത്ര തിരിച്ച് യിസ്രായേലിന്റെ ഒരു അയൽ രാജ്യമായ മോവാബിൽ എത്തി. മെഡിറ്ററേനിയൻ സമനിരപ്പിൽ നിന്നും മൂവായിരം അടി ഉയരത്തിലാണ് മോവാബ് സമഭൂമി സ്ഥിതി ചെയ്യുന്നത്. ബേത്‌ലഹേമിൽ ക്ഷാമം ഉണ്ടായപ്പോൾ എലീമേലക്കും കുടുംബവും സമൃദ്ധമായ മോവാബിലേക്ക് കുടിയേറി പാർക്കാൻ പോയി. എന്നാൽ അത് അവർക്ക് നഷ്ടത്തിന് കാരണമായി. ദൈവഹിതപ്രകാരമല്ലാത്ത എല്ലാ യാത്രകളും നേട്ടങ്ങളുമെല്ലാം തീരാ നഷ്ടത്തിൽ കലാശിക്കുമെന്നുള്ളതാണ് യാഥാർത്ഥ്യം. പുറം ജാതിക്കാർ എന്നുവിളിച്ച് അകറ്റി നിർത്തപ്പെട്ട പശ്ചാത്തലത്തിലുള്ള ഒരു സ്ത്രീ യേശുവിന്റെ വംശാവലിയിൽ കയറി കൂടിയ വിജയ കഥയാണ് രൂത്തിന് പറയാനുള്ളത്.

**1. വ്യക്തി ജീവിതത്തിൽ വിശ്വസ്ഥയായിരുന്നു**

മോവാബിലെത്തിയ എലീമേലക്കും കുടുംബവും ബേത്‌ലഹേമിലെ ക്ഷാമത്തിന്റെ ക്ഷീണം മാറിയവരായി പുഷ്ടി പ്രാപിച്ചു. മക്കളായ മഹ്ലോനും കില്യോനും മോവാബ്യരായ രണ്ട് സ്ത്രീകളെ വിവാഹം കഴിച്ചു. എല്ലാം കൊണ്ടും അനുഗ്രഹിക്കപ്പെട്ട സ്ഥലത്താണ് എത്തിയത് എന്ന് ചിന്തിച്ചു. എന്നാൽ ചില്ലുകൊട്ടാരം പോലെ അവരുടെ എല്ലാപ്രതീക്ഷകളും തകരുകയായിരുന്നു. അപ്രതീക്ഷിതമായി കുടുംബനാഥനായ എലീമേലക്ക് മരിച്ചു. അതിന്റെ ആഘാതത്തിൽ നിന്നും മോചിക്കപ്പെടുന്നതിന് മുൻപ് മക്കളായ മഹ്ലോനും കില്യോനും മരിച്ചു. അമ്മയായ നവോമിയും മരുമക്കളായ ഓർപ്പയും രൂത്തും മാത്രം അവശേഷിച്ചു. ഓർപ്പയോടും രൂത്തിനോടും അവരവരുടെ വീട്ടിൽ പൊയ്ക്കൊള്ളാൻ നവോമി ആവശ്യപ്പെട്ടു. ഓർപ്പ അമ്മായിഅമ്മയെ കെട്ടിപ്പിടിച്ച് ചുംബിച്ച് പിരിഞ്ഞു. എന്നാൽ രൂത്ത് അമ്മായിഅമ്മയെ പിരിയുവാൻ തയ്യാറായില്ല. (രൂത്ത് 1: 16,17) രൂത്ത് നവോമിയോടൊപ്പം പോകുവാൻ പ്രേരിപ്പിച്ച ഒത്തിരി കാര്യങ്ങൾ കാണാം. എന്നാൽ പ്രധാനപ്പെട്ടതായി എനിക്ക് ബോധ്യപ്പെട്ടത് വ്യക്തി ജീവിതത്തിലെ അവളുടെ വിശ്വസ്ഥതയാണ്. കൂടെയുള്ളവർ അവിശ്വസ്തരായി പിരിഞ്ഞപ്പോൾ രൂത്തിനെ നിലനിർത്തിയത് അവളുടെ വിശ്വസ്ഥതയായിരുന്നു. വിശ്വസ്ഥതയില്ലാത്തവർ സാഹചര്യത്തിന് അനുസരിച്ച് മാറികൊണ്ടിരിക്കും. രൂത്തിന്റെ അതേ അനുഭവവും സാഹചര്യവും ഉള്ള ഓർപ്പ പിരിഞ്ഞുപോയി. എന്നാൽ രൂത്തിന്റെ വിശ്വസ്ഥത അവളെ നിലനിർത്തി. കൂടെ ആരാധിക്കുന്നവരും കൂടെ പാർക്കുന്നവരുമൊക്കെ അവിശ്വസ്തരായി മാറിയേക്കാം. എന്നാൽ ഇത് നമ്മുടെ വ്യക്തിപരമായി നമ്മളിലുള്ള വിശ്വസ്ഥതയെ ബാധിക്കരുത്.

**2. കുടുംബ ജീവിതത്തിൽ വിശ്വസ്ഥയായിരുന്നു**

വ്യക്തി ജീവിതത്തിലെ വിശ്വസ്ഥത കുടുംബ ജീവിതത്തിലേക്കും കൂടി വ്യാപിക്കുകയാണ്. നവോമിയോടൊപ്പം രൂത്ത് ബേത്‌ലഹേമിലെത്തി. അവിടെ എത്തിയ രൂത്ത് അമ്മാവിയമ്മയായ നവോമിയുടെ അനുവാദത്തോടെ വയലിൽ കതിർപെറുക്കുവാൻ പോയി(രൂത്ത്:2:2,3) അന്യനാട്ടിൽ ആദ്യമായി വന്നതാണ്. പരിചിതർ ആരുമില്ല ഭർത്താവ് മരിച്ചുപോയ ചെറുപ്പക്കാരിയാണ് ഇങ്ങനെയുള്ള പരിമിതികൾ ഒന്നും വകവയ്ക്കാതെ അവൾ കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ജോലിക്കിറങ്ങി. ഇതിനു കാരണം കുടുംബജീവിതത്തിൽ അവൾ വിശ്വസ്ഥയായിരുന്നതുകൊണ്ടാണ്.

വിശ്വസ്ഥത പുലർത്താൻ ഭർത്താവ് ഇല്ലെങ്കിലും അവൾ അവളെ സൂക്ഷിക്കാൻ തീരുമാനിച്ചു. രൂത്ത് 3:10 ൽ ബോവസ് രൂത്തിനോട് പറയുകയാണ്. ദരിദ്രന്മാരോ ധനവാന്മാരോ ആയ ബാല്യക്കാരെ നീ പിൻതുടരാതിരുന്നതുകൊണ്ട് ആദ്യത്തേതിനേക്കാൾ അധികം ദയ ഒടുവിൽ കാണിച്ചിരിക്കുന്നു. അവിടെ അവളെ സൂക്ഷിക്കാൻ ആരുമില്ല. ബാല്യക്കാരുടെ പിന്നാലെ പോകുവാനുള്ള സാഹചര്യം ഉണ്ട്. എന്നാൽ വിശ്വസ്ഥത അവളെ നിലനിർത്തി. നമ്മെ സൂക്ഷിക്കുവാനോ സംരക്ഷിക്കുവാനോ ആരുമില്ലെങ്കിലും നാം വിശ്വസ്ഥരാണെങ്കിൽ അത് എല്ലാ മേഖലയിലും പ്രകടമാകും. ധാർമ്മിക മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ രൂത്ത് നമുക്ക് ഒരു മാതൃകയായിരിക്കട്ടെ.

**3. ഔദ്യോഗിക ജീവിതത്തിൽ വിശ്വസ്ഥയായിരുന്നു**

വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും മാത്രമല്ല ഔദ്യോഗിക ജീവിതത്തിലും രൂത്ത് വിശ്വസ്ഥയായിരുന്നു. വയലിൽ പുതുതായി കാലാപെറുക്കുവാൻ വന്ന രൂത്തിനെ കണ്ട ബോവസ് കൊയ്ത്തുകാരുടെ മേലായ ഭൃത്യനോട് ഇവളെപ്പറ്റി അന്വേഷിച്ചു. ഭൃത്യൻ പറഞ്ഞു. ഇവൾ നവോമിയോടൊപ്പം വന്നതാണ്. കാലത്ത് വന്നപ്പോൾ മുതൽ ഇതുവരെ പെറുക്കികൊണ്ടിരിക്കയാണ് വീട്ടിൽ അല്പനേരമേ താമസിച്ചുള്ളൂ. രൂത്തിനെപ്പറ്റി ഒരു നല്ല സാക്ഷ്യം ഭൃത്യന് പറയുവാനുണ്ടായിരുന്നു. അവൾ അലസയായാണെന്നല്ല മറിച്ച് ഉൽസാഹവും ഊർജ്ജസ്വലതയും കൃത്യനിഷ്ഠയും ഉള്ളവൾ എന്നാണ് ഭൃത്യൻ രൂത്തിനെപ്പറ്റി ബോവസിനോട് പറഞ്ഞത്.

നമ്മുടെ ഔദ്യോഗിക ജീവിതത്തിൽ നാം എത്രമാത്രം വിശ്വസ്ഥരെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ഒരു പക്ഷെ ചെറുതോ വലുതോ ആയ ജോലി മേഖലയിൽ ആകാം. എന്തുമാകട്ടെ എത്രമാത്രം ഉൽസാഹത്തോടെ പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ട്. ഔദ്യോഗിക ജീവിതത്തിൽ നാം വിശ്വസ്ഥരാണോ? വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും വിശ്വസ്ഥരായവർക്ക് എല്ലാ നിലയിലും ഉയർച്ചയുടെ പടികൾ ചവിട്ടി കയറുവാൻ സാധിക്കും എന്നത് രൂത്തിന്റെ അനുഭവത്തിൽ നിന്നും മനസ്സിലാക്കാം.

കുട്ടി/മാഷ്

## വ്യാജനോട്ട് തിരിച്ചറിയാൻ



- ***കുട്ടി:*** മാഷ് ഒരിക്കൽ ഞാനറിയാതെ എന്റെ കൈയ്യിൽ ഒരു വ്യാജ നോട്ട് ലഭിച്ചു. അത് എന്നെ കൊണ്ട് എന്റെ ബന്ധപ്പെട്ടവർ കീറിക ളയിച്ചു. ഇനി അങ്ങനെ ഒരു അബദ്ധം പറ്റാതിരിക്കാനും വ്യാജ നോട്ട് തിരിച്ചറിയാനുമുള്ള വഴി പറഞ്ഞുതരാമോ.
- ***മാഷ്:*** പറഞ്ഞുതരാമല്ലോ. നോട്ടുകൾ പേപ്പറിലല്ല അച്ചടിക്കുന്നത് വിലപിടിപ്പുള്ള മെറ്റീരിയലാണ് അഥവാ ഫൈനസ്റ്റ് കോട്ടൺയാൺ ആണ് നോട്ടടിക്കാൻ ഉപയോഗിക്കുന്നത്. ദീർഘകാലം ഉപയോഗിക്കേണ്ടതുകൊണ്ട് എളുപ്പം കേടുവരാതിരിക്കാൻ 82ഏപ്ര (ഗ്രാംസ് പെർ സ്ക്വയർ മീറ്റർ) കനത്തിൽ കൃത്യമായ നീളത്തിലും വീതിയിലുമാണ് നോട്ടുകൾ പുറത്തിറക്കുന്നത്. എന്നാൽ കട്ടികൂടിയ സാധാരണ കടലാസും മിനുസത്തിനു വേണ്ടി കൊഴുത്ത ദ്രാവകങ്ങളും പശകളും മറ്റും വ്യാജനോട്ടുകളുടെ പ്രതലത്തിൽ കണ്ടാൽ കൂടാതെ വ്യത്യസ്തമായ മിനുസവും കൊഴുപ്പുകളും നോട്ടുകളിൽ കണ്ടാൽ അവയെ പ്രത്യേകം ശ്രദ്ധിക്കണം.
- ***കുട്ടി:*** യഥാർത്ഥ നോട്ടിന് വേറെന്തെങ്കിലും പ്രത്യേകതയുണ്ടോ.
- ***മാഷ്:*** എത്ര ചുരുട്ടിയാലും നിവർത്തിയാൽ പൂർവ്വസ്ഥിതി പ്രാപിക്കും എന്നുള്ളത് യഥാർത്ഥ നോട്ടിന്റെ പ്രത്യേകതയാണ്.
- ***കുട്ടി:*** ഇത്രയും കേട്ടപ്പോൾ ഇതിന്റെ അച്ചടിയെക്കുറിച്ച് അറിയാൻ താല്പര്യമുണ്ട് ഒന്നു വിശദീകരിക്കാമോ മാഷെ.
- ***മാഷ്:*** ശ്രദ്ധിക്കൂ പറയാം. ഇന്റാഗ്ലിയോ പ്രിന്റിംഗ്, ഓഫ് സെറ്റ് ഫ്‌ളാറ്റ് പ്രിന്റിംഗ് എന്നിങ്ങനെ രണ്ടു വിധത്തിൽ നോട്ടുകൾ അച്ചടിക്കുന്നു. ഇന്റാഗ്ലിയോ പ്രിന്റിംഗ് രീതിയിൽ അക്ഷരങ്ങൾ അല്പം ഉയർന്നു നിൽക്കും അതുകൊണ്ട് തടവിയാൽ തിരിച്ചറിയാൻ എളുപ്പമാണ്. 1 മുതൽ 10 വരെയുള്ള നോട്ടുകൾ ഓഫ്സെറ്റ് ഫ്‌ളാറ്റ് പ്രിന്റിംഗ് രീതിയാണ് അവലംബിച്ചിട്ടുള്ളത്.
- ***കുട്ടി:*** വ്യാജനോട്ട് തടയുന്നതിന്റെ ആവശ്യകത എന്താണ് സാർ.
- ***മാഷ്:*** കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ ഫൈനാൻസ് വിഭാഗവും ബാങ്കുകളുടെ ബാങ്കായ റിസർവ്വ് ബാങ്കും സംയുക്തമായി ആലോചിച്ച് നടപ്പാക്കുന്ന നയങ്ങളുടെ വെളിച്ചത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ ഗവൺമെന്റ് രൂപയുടെ വില കാത്തുസൂക്ഷിക്കുന്നു. രൂപയുടെ മൂല്യവും നിലവാരവും കാത്തുസൂക്ഷിക്കുന്നതിന് ഭാരതീയരായ നമുക്ക് കടമയുണ്ട്. ഇതിന് തടയണ നിർമ്മിക്കുന്ന കുബുദ്ധികളാണ്. വ്യാജനോട്ട് അച്ചടിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും എന്തു വില കൊടുത്തും ഇതു തടയുക നമ്മുടെ കടമയാണ്.



ആരാധിക്കുക എന്നത് വിശ്വാസികൾക്ക് മാത്രമുള്ള കടമയാണോ? ശുശ്രൂഷകർ ആരാധിപ്പിച്ചാൽ മതിയോ? ആരാധിക്കാതെ കൈയ്യ് വീശിയും വായുവിൽ താളം പിടിച്ചും ഇരിക്കുന്നത് കണ്ട് ചോദിച്ചുപോകുന്നതാ...



# കരുതുന്ന ദൈവം

**തന്നെ പരിഹസിച്ചവരുടെ മുമ്പിൽ മേശയൊരുക്കിയ സ്നേഹനിധിയായ ദൈവത്തിന് ഒരായിരം നന്ദി പറഞ്ഞുകൊണ്ട് തന്റെ ഏഴഴകുള്ള ചിറകുകൾ വീശി അകലേയ്ക്ക് പറന്നു ദൈവം ഏല്പിച്ച ആ വലിയ ദൗത്യവുമായി.**



തയ്യാറാക്കിയത്:
**ജോൺ ജേക്കബ്,**
**പുനലൂർ**

പെയ്തൊഴിഞ്ഞ ഇടവപാതിയുടെ ഇടവേളയിൽ അവരാ ആൽമരത്തിൽ ഒത്തുകൂടി. പതിവിൽ കവിഞ്ഞ് സുന്ദരീ. സുന്ദരന്മാരായി കാണപ്പെട്ട അവരെല്ലാം വളരെ ആഹ്ളാദത്തിലായിരുന്നു. അല്ലെങ്കിലും സഭാരാധനയെക്കാളും ഉപവാസപ്രാർത്ഥനയെക്കാളും അവരേറെ ഇഷ്ടപ്പെടുന്നത് യൂത്ത് മീറ്റിംഗുകൾ തന്നെയാണല്ലോ. പിൻവാങ്ങാൻ മടിച്ചു നിന്ന കാർമേഘങ്ങൾ തീർത്ത കവചത്തിൽ ആൽമരവും അതിന്റെ പരിസരവും അല്പം ഇരുണ്ട് പോയെങ്കിലും അവസരോചിതമായി കുഞ്ഞുദീപങ്ങൾ തെളിയിച്ച് മിന്നാമിന്നി കൂട്ടങ്ങൾ ആ സദസ്സിന് വെളിച്ചമേകി. പ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു സങ്കീർത്തനം വായന പ്രാർത്ഥനയിൽ തുടങ്ങി ഉപക്രമം, റിപ്പോർട്ടുവായന തുടങ്ങിയ സ്ഥിരം ഔപചാരിക കസർത്തുകളെല്ലാം നടക്കുമ്പോഴും വിശ്വാസികളിലധികവും നടത്തേണ്ടുന്ന പ്രോഗ്രാമുകൾ കൃത്യവും ഹൃദ്യവുമാക്കുന്നതിനുള്ള അവസാനവട്ട ഒരുക്കങ്ങളിലായിരുന്നു. വ്യക്തിഗത പ്രോഗ്രാമുകളിൽ അദ്യത്തേത് ആസ്ഥാന ഗായികയായ പുള്ളികുയിലിന്റെ ഒരു പാട്ടായിരുന്നു. ശ്രുതിശുദ്ധതാളലയ സമ്മേളനത്തിന്റെ ആകെ തുകയായ ആ കീർത്തനത്തിലൂടെ അവൾ സദസ്യരെ കയ്യിലെടുത്തു. നല്ലൊരു പുല്ലാങ്കുഴൽ നാദം പോലെ ആത്മാവിനെ തൊട്ടുണർത്തിയ അവളുടെ പാട്ടിനെ എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു. അടുത്തത് മയിലിന്റെ ഊഴം മനോഹരമായ ഒരു ആക്ഷൻ സോംഗ് ബഹുവർണ്ണപീലികൾ വിടർത്തി പാട്ടിന്റെ താളത്തിനൊത്ത് ചുവടുകൾ വച്ച മയിലും മോശമാക്കിയില്ല. തുടർന്ന് ശ്രോതാക്കളുടെ ഹൃദയതാളത്തിന്റെ ഗതിവേഗം കൂട്ടിയ തകർപ്പൻ പ്രസംഗമായിരുന്നു പഞ്ചവർണ്ണകിളിയുടേതെങ്കിൽ വിശുദ്ധി എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളരിപ്രാവ് അവതരിപ്പിച്ച ഉപന്യാസം ഏവരേയും ഒന്നിരുത്തി ചിന്തിപ്പിക്കുന്നതായിരുന്നു. അടുത്തത് സുന്ദരി കാക്കയുടെ സ്പെഷ്യൽ പ്രോഗ്രാം. പേരിലെ സൗന്ദര്യം രൂപത്തിലില്ലാത്തതിനാലാവാം വെറുമൊരു മുൻസിപ്പാലിറ്റി ജീവനക്കാരിയായ അവളുടെ സാന്നിദ്ധ്യം അവരിൽ പലർക്കും ഇഷ്ടമായിരുന്നില്ല. പോരെങ്കിൽ നിറം കറുപ്പും. ആരംഭകാല വിശ്വാസികളിൽ ഒരാളായതുകൊണ്ട് ആ അനിഷ്ടം പുറത്തുപറയുന്നില്ല എന്ന് മാത്രം. എങ്കിലും അവസരം കിട്ടുമ്പോഴെല്ലാം വാക്കിലൂടെയോ പ്രവർത്തിയിലൂടെയോ അവരവളെ വേദനിപ്പിക്കും. അന്നും സ്ഥിതി വ്യത്യസ്ഥമായിരുന്നില്ല. പ്രോഗ്രാമിനായി വേദിയിലെത്തിയപ്പോൾ തന്നെ അടക്കിയുള്ള ചിരിയും മുറുമുറുപ്പുകളുമുയർന്ന് കേട്ടു.

അവഗണനയുടെയും ഒറ്റപ്പെടുത്തലിന്റെയും വേദന ഏറെ അനുഭവിച്ചിട്ടുണ്ടെങ്കിലും ഇന്ന് അത് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു അവൾക്ക്. നിറഞ്ഞ കണ്ണുകളോടെ ഇടറുന്ന ശബ്ദത്തിൽ അവൾ ഇങ്ങനെ പറഞ്ഞു. പ്രിയ കൂട്ടുകാരെ നിങ്ങളെപ്പോലെ ശ്രവണമാധുര്യമായ് പാടുവാനോ നയനമനോഹരമായ് ആടുവാനോ എനിക്ക് കഴിവില്ല. എവിടെ എച്ചില് കണ്ടാലും കൊത്തി കൊക്കിനുള്ളിലാക്കി പറന്നുപോകുന്ന പാരമ്പര്യമാണ് എനിക്കുള്ളത്. എങ്കിലും നിങ്ങൾ ഒന്ന് മനസ്സിലാക്കുക നിങ്ങളെ സൃഷ്ടിച്ച സർവ്വശക്തനായ ആ ദൈവം തന്നെയാണ് എന്നെയും സൃഷ്ടിച്ചതും എനിക്കീ രൂപവും ഭാവവും (സ്വഭാവം) തന്നതും. അർഹിക്കുന്ന പരിഗണന നല്കിയില്ലെങ്കിലും ദയവായി നിങ്ങളിൽ ഒരുവളായെങ്കിലും എന്നെ അംഗീകരിക്കുവാനുള്ള സന്മനസ്സ് കാട്ടണം. ഇത്രയും പറഞ്ഞപ്പോൾ പൊട്ടിക്കരഞ്ഞുപോയി അവൾ. വേദിയിൽ നിന്നും വേദനയോടെ പിൻവാങ്ങുന്ന അവളെ ആശ്വസിപ്പിക്കുവാൻ പലരും ശ്രമിച്ചെങ്കിലും അവൾക്ക് തന്റെ തേങ്ങൽ അടക്കുവാൻ കഴിഞ്ഞില്ല. പിന്നെ അവിടെ നടന്നതൊന്നും അവൾ അറിഞ്ഞില്ല. മനസ്സ് മരവിച്ച് നിർവ്വികാരികമായ് അകലേയ്ക്ക് കണ്ണുംനട്ട് അവളിരുന്നു. നിർവ്വികാരികതയുടെ ലോകത്തുനിന്നും അവളെ മുക്തമാക്കിയത് പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയുള്ള ഒരു മഹാനാദമായിരുന്നു. ഹേ...കാക്കേ എന്റെ ദാസനായ ഏലിയാവ് ഇതാ കെരീത്ത് തോട്ടിനരികെ ആയിരിക്കുന്നു. അവന് അപ്പവും ഇറച്ചിയും എത്തിക്കുവാൻ ഞാൻ നിന്നെ നിയമിക്കുന്നു. അവൾക്ക് തന്നെതന്നെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. പക്ഷിശ്രേഷ്ഠനായ കഴുകനും പരിശുദ്ധിയുടെ പ്രതീകമായ പ്രാവും പഞ്ചവർണ്ണകിളിയുമൊക്കെയുള്ള സ്ഥാനത്ത് സർവ്വശക്തനായ ദൈവം ആർക്കും വേണ്ടാത്ത തന്നെ തിരഞ്ഞെടുത്തിരിക്കുന്നു. സന്തോഷാശ്രുക്കളാൽ കാഴ്ച മങ്ങുന്നുണ്ടെങ്കിലും തനിക്കു ചുറ്റുമുള്ള കാഴ്ച മങ്ങുന്നുണ്ടെങ്കിലും തനിക്കു ചുറ്റുമുള്ളവരെ അഭിമാനത്തോടെ നോക്കി തലയുയർത്തി അവളിരുന്നു. തന്നെ പരിഹസിച്ചവരുടെ മുമ്പിൽ മേശയൊരുക്കിയ സ്നേഹനിധിയായ ദൈവത്തിന് ഒരായിരം നന്ദി പറഞ്ഞുകൊണ്ട് തന്റെ ഏഴഴകുള്ള ചിറകുകൾ വീശി അകലേയ്ക്ക് പറന്നു ദൈവം ഏല്പിച്ച ആ വലിയ ദൗത്യവുമായി.

ഈ സമയം സുന്ദരികാക്കയുടെ വരവുംകാത്ത് പ്രതീക്ഷയോടെ ഇരിക്കുകയാണ് സുന്ദരികാക്കയുടെ മക്കൾ. അപ്പവും ഇറച്ചിയുമായി കെരീത്തിലേക്കുള്ള യാത്രാമദ്ധ്യേകൂടണിഞ്ഞ സുന്ദരിയുടെ അരികിലേക്ക് വാപിളർന്ന് കൊണ്ടവർ ഓടിയടുത്തു. വാത്സല്യത്തോടെ അവരെ തടഞ്ഞുകൊണ്ട് ശാന്തമായ് അവൾ പറഞ്ഞു മക്കളെ ഇത് നിങ്ങൾക്കുള്ളതല്ല കെരീത്ത് തോട്ടിനരികെയിരിക്കുന്ന ഒരു വലിയ പ്രവാചകനുള്ളതാ. ഇതു ഞാൻ നിങ്ങൾക്ക് തന്നാൽ അത് വലിയ ദൈവശിക്ഷയ്ക്ക് കാരണമാകും. നിങ്ങൾ കണ്ടിട്ടില്ലേ ചില മനുഷ്യരെ ദൈവം ദാനമായി കൊടുത്ത നന്മയുടെ ഓഹരിയോ ദശാംശമോ ദൈവത്തിനും ദൈവനാമ മഹത്വത്തിനും കൊടുക്കാതെ സ്വാർത്ഥതയോടെ സ്വരൂപിച്ച് ഒടുവിൽ നിലവിളിയും നെടുവീർപ്പുമായി ആശുപത്രിയിൽ കൊടുക്കുന്നുവരെ നമുക്ക് ആ.. ഗതി വരരുത് ഏലിയാവിനെ ഓർത്ത ദൈവം നമുക്കുള്ളത് തക്ക സമയത്ത് തന്നുകൊള്ളും. അതുപോട്ടെ ഇന്നത്തെ സണ്ടെസ്കൂളിൽ പഠിച്ച വാക്യമേതാ?....സുന്ദരി ചോദിച്ചു. കൂട്ടത്തിൽ കുറുമ്പനായവൻ ചായിയെഴുന്നേറ്റ് ഒറ്റശ്വാസത്തിൽ മറുപടി നല്കി... ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും എങ്കിലും യഹോവയെ കാത്തിരിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല.




**ആശംസകളോടെ...**

**ബ്രദർ സജി വെൺമണി**



പെന്തക്കോസ്തിലെ മൂന്നാം തലമുറക്കാരനായ ബ്രദർ സജി വെണ്മണി ഐ.പി.സി യിലെ സീനിയർ സെന്റർ ശുശ്രൂഷകനായിരുന്ന റാന്നി ഈസ്റ്റ് സെന്റർ പാസ്റ്റർ പരേതനായ റ്റി. സി. ഈശോയുടെ മകളുടെ ഭർത്താവാണ്. തന്റെ പ്രവർത്തന മേഖലകൾ ദൈവസഭയുടെ വിശാലതയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. വെണ്മണി നോർത്ത് ഐ.പി.സി എബനേസർ സഭാംഗമായ ഇദ്ദേഹം സെന്റർ സണ്ടേസ്കൂൾ ജോയിന്റ് സെക്രട്ടറി, സെന്റർ കമ്മറ്റിയംഗം,നിലവിൽ ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ജനറൽ കൺവൻഷൻ ക്വയർ അംഗം, രണ്ട് തവണയായി നടത്തിയ യൂത്ത് കൺവൻഷന്റെ കൺവീനറായി പ്രവർത്തിച്ചിട്ടുണ്ട്. മുൻ സഭാസെക്രട്ടറിയായി സേവനമനുഷ്ഠിക്കുവാൻ സർവ്വ കൃപാലുവായ ദൈവം സഹായിച്ചു.

**ജനറൽ കൗൺസിൽ മെമ്പറും ജനറൽ പബ്ലിസിറ്റി ബോർഡ് അംഗവുമാണ് ബ്രദർ സജി വെൺമണി**

FAITHTRACK
FAITHTRACK.IN
RNI - KERMAL15982
1 DEC 2016
PUBLISHED FROM KOLLAM
VOLUME NO.1,
ISSUE NO. 4
PAGES 12
facebook.com/faithtracknews
Address:
Eben Ezer House,
Bharanikkavu Mukundapuram(P.O),
Chavara,Kollam(Dist) Kerala,Pin-691585
Phone: 9947183879
Email: editor@faithtrack.in

# സാത്താൻ വിശ്വാസത്തെ ന്യായീകരിക്കുന്ന സിനിമ: ആക്ഷേപം ഉയരുന്നു

ലൂസിഫറിനെ കേന്ദ്രക ഥാപാത്രമാക്കി സിനിമ. നവാ ഗത സംവിധായകൻ സമർ ഒരുക്കുന്ന ആദം ക്രൈസ്തവ വിരുദ്ധത പ്രചരിപ്പിക്കുന്നു എന്നതാണ് ഉയരുന്ന ആക്ഷേപം. ഇതിനോടൊപ്പം സാത്താൻ സേവക്കാരായ ഒരു വിഭാഗം ആളുകൾ കേരളത്തിൽ ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലൂസിഫർ വിശ്വാസവുമായി കഴിയുമ്പോൾ അതിനെ ന്യായീകരിക്കുന്നു എന്നതാണ് ആരോപണം.

താരതമ്യേനെ നെഗറ്റീവ് ആശയങ്ങളെ ന്യായീകരിക്കുന്നു എന്നതിനാൽ തന്നെ 36 സീൻ കട്ടുകൾ നടത്തിയിട്ടാണ് സിനിമ സെൻസർ ബോർഡ് പ്രദർശനത്തിന് അനുവദിച്ചത്. സിനിമ പുറത്ത് പ്രചരിക്കുന്ന പോലെ ക്രൈസ്തവ വിരുദ്ധത സംസാരിക്കുന്നതല്ലെന്നും നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമാണ് പറയുന്നതെന്നും സംവിധായകൻ പറയുന്നു. ഇരുട്ടിന്റെ ശക്തിയുടെ രാജാവായ ലൂസിഫറിനെ ആരാധിക്കുന്നവരുടെ കഥയാണ് തന്റെ സിനിമയെന്ന് നേരത്തേ തന്നെ സമർ വ്യക്തമാക്കിയിരുന്നു.




## സെന്റർ കൺവൻഷൻ

ഐ.പി.സി. പാമ്പാടി സെന്റർ 51 -ാമത് കൺവൻഷൻ 2017 ജനുവരി 4 മുതൽ 8 വരെ പുളിക്കൽ കവല സിയോൺ മൈതാനത്തുവച്ച് നടത്തപ്പെടുന്നു. പാസ്റ്റർമ്മാരായ ഡോ. റ്റി. കോശി, ജേക്കബ് ജോൺ, ഷമീർ കൊല്ലം, ബാബു ചെറിയാൻ, പ്രതാപ് സിംഗ്, ജെയിംസ് ജോർജ്ജ്, കെ. ജെ. തോമസ്, ഡോ. അലക്സ് കോശി, വർഗീസ് ഏബ്രഹാം, സിസ്റ്റർ ലില്ലി റജി എന്നിവർ പ്രസംഗിക്കുന്നു. പി.വൈ.പി.എ ക്വയർ ഗാനങ്ങൾ ആലപിക്കുന്നു. ശുശ്രൂഷക ഫാമിലി മീറ്റിംഗ്, സോദരീ സമാജം, വാർഷികം, വാർഷിക മാസയോഗം, സംയുക്ത ആരാധന എന്നിവയും നടത്തപ്പെടുന്നു.




# ഐപിസി മലബാർ മേഖല കൺവെൻഷന് അനുഗൃഹിത തുടക്കം




എടക്കര: ഇന്ത്യാ പെന്തക്കൊസ്ത് ദൈവസഭ മലബാർ മേഖലാ കൺവെൻഷൻ പാലുണ്ടയിൽ രക്ഷാധികാരി പാസ്റ്റർ വി. ജെ. ജോർജ് ഉദ്ഘാടനം ചെയ്തു. പാലക്കാടുമുതൽ കാസർകോടുവരെയുള്ള ജില്ലകളിലെ 600 പള്ളികളിൽനിന്നുള്ള അയ്യായിരത്തോളം ആളുകളാണ് ആത്മീയസംഗമത്തിൽ പങ്കെടുക്കുന്നത്. ബൈബിൾ ക്ലാസുകൾ, യുവജനസമ്മേളനം, സോദരി സമാജസമ്മേളനം എന്നിവ നടക്കും. ഞായറാഴ്ചനടക്കുന്ന സംയുക്ത ആരാധനയോടുകൂടി കൺവെൻഷൻ സമാപിക്കും. പാസ്റ്റർമാരായ ജോൺ ജോർജ്, സാം ദാനിയേൽ, ബിജോയ് കുര്യാക്കോസ്,െ ജയിംസ് വർക്കി, സാം കൊണ്ടാഴി, ഷാജി പി.ടി., ഷിബു ഫിലിപ്പ് എന്നിവർ നേതൃത്വംനൽകി.







## മതം വ്യക്തിപരം: ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം വളരെ വ്യക്തിപരമാണെന്നും മറ്റാരും അതിൽ ഇടപെടണ്ട കാര്യമില്ലെന്നും സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ടി. എസ്. ഠാക്കൂർ. സുപ്രീം കോടതി ജഡ്ജി റോഹിന്റൻ എഫ്. നരിമാൻ സൊരാഷ്ട്രിയൻ മതത്തെക്കുറിച്ചെഴുതിയ പുസ്തകം പ്രകാശനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ചീഫ് ജസ്റ്റിസ്. രാഷ്ട്രീയ അഭിപ്രായ വ്യത്യാസം കൊണ്ട് കൊല്ലപ്പെട്ടതിലേറെ ജീവിതങ്ങൾ മതത്തിന്റെ പേരിലാണ് നഷ്ടപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു. ലോകത്ത് ഏറ്റവും കൂടുതൽ നാശം, ദുരന്തം, രക്തച്ചൊരിച്ചിൽ എന്നിവയെല്ലാം മതത്തിന്റെ പേരിലാണ് ഉണ്ടായിട്ടുള്ളത്. എന്താണ് എന്റെ മതം? ഞാനെങ്ങനെയാണ് ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നത്? ഇതെല്ലാം എന്റെ മാത്രം കാര്യമാണ്. മറ്റാർക്കും ഇതിൽ ഇടപെടേണ്ട കാര്യമില്ല. ദൈവവുമായുള്ള നിങ്ങളുടെ ബന്ധം നിങ്ങൾക്കു സ്വയം തിരഞ്ഞെടുക്കാം. സാഹോദര്യവും സഹിഷ്ണുതയും അന്യോന്യമുള്ള സ്വീകാര്യതയുമാണ് വേണ്ടത് എന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. ചടങ്ങിൽ സുപ്രീം കോടതി മുൻ ജഡ്ജി ബി. എൻ. ശ്രീകൃഷ്ണ, റോഹിന്റൻ നരിമാന്റെ പിതാവും പ്രമുഖ അഭിഭാഷകനുമായ ഫാലി എസ്. നരിമാൻ തുടങ്ങിയവരും പ്രസംഗിച്ചു.

*Printed, Published and owned by BOBAN CLEETUS, Eben Ezer House, Bharanikkavu Mukundapuram (P.O), Chavara, Kollam (Dist) Kerala, Pin-691585 and Printed at RASHTRADEEPIKA, Kottayam, Kerala (State), India*